10638

# The Prabuddha Keralam.

# പ്രബുദ്ധകേരളം.

വിവേക നിർമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതുസർവ്വദാ.

വാല്യം ൧൭ } ൧൧൦൭ കുംഭം { ലക്കം ൭

ശ്രീ

## ശ്രീരാമകൃഷ്ണോപദേശം.

### പലവക.

കൽക്കത്തായിലെ ഒരു പ്രസിദ്ധനായ ധനികൻ ശ്രീരാമകൃഷ്ണദേവനെ ഒരിക്കൽ സന്ദർശിക്കയുണ്ടായി. സംഭാഷണമദ്ധ്യേ അയാൾ പല കുയുക്തികളും പ്രയോഗിച്ചു. "നിരുപയോഗമായ വാദപ്രതിവാദം കൊണ്ടെന്തു പ്രയോജനം? ഈശ്വരനെ സരളവും വിശ്വാസപൂർണ്ണവും ആയ ഹൃദയത്തോടുകൂടി വിളിക്കുക. അതു നിങ്ങൾക്കു നന്മചെയ്യും" എന്നു ശ്രീരാമകൃഷ്ണദേവൻ പറഞ്ഞു. ഈ ഉപദേശത്തെ ഗർവ്വിതനായ സന്ദർശകൻ, ശരിയായി ഗ്രഹിക്കാതെ, അങ്ങേയ്ക്കു തന്നെ സർവ്വവും ഗ്രഹിക്കുന്നതിനു കഴിഞ്ഞിട്ടുണ്ടോ? എന്നു അവിനീതമായി ചോദ്യംചെയ്തു. ശ്രീരാമകൃഷ്ണദേവനാകട്ടെ കൈകൂപ്പിക്കൊണ്ടു വളരെ വിനയത്തോടുകൂടി ഇപ്രകാരം പ്രതിവചിച്ചു, "വാസ്തവം, ഒന്നുംതന്നെ ഗ്രഹിക്കുന്നതിനു എനിക്കു സാധിച്ചിട്ടില്ല; എന്നാൽ ചൂൽ സ്വതേതന്നെ അശുദ്ധമാണെങ്കിലും അതുകൊണ്ടു തൂക്കുന്നസ്ഥലം ശുദ്ധമാകുന്നുണ്ടല്ലൊ."

# ശ്രീരാമകൃഷ്ണദേവൻെറ തിരുവായ്മൊഴി.

രണ്ടാംഭാഗം—ഇരുപത്തിമൂന്നാംഖണ്ഡം.

## അദ്ധ്യായം ൩൨

നബായി ചൈതന്യൻ ഗാനംചെയ്യുന്നു. ഭക്തന്മാരെല്ലാം ഇരിക്കുന്നു. ഭഗവാൻ ചെറുകട്ടിലിലിരിക്കയായിരുന്നു, പെട്ടെന്നു എഴുന്നേററു മുറിക്കുവെളിയിൽവന്നു. ഭക്തന്മാരെല്ലാം ഇരിക്കുകയാണു്, പാട്ടു നടക്കുന്നു. മാസ്റ്റർ ഭഗവാൻെറകൂടെ പോയി. ഭഗവാൻ ഇഷ്ടികത്തറയിൽക്കൂടെ കാളീക്ഷേത്രാഭിമുഖമായി നടന്നു് ആദ്യമേ ശ്രീരാധാകാന്തദേവക്ഷേത്രത്തിനു മുൻവശത്തുചെന്നു സാഷ്ടാംഗം പ്രണമിച്ചു. അതു കണ്ടു മാസ്റ്ററും നമസ്കരിച്ചു. ഭഗവാൻെറ മുൻവശത്തു് "അബീർ" എന്ന സുഗന്ധധൂളി ഒരു തട്ടത്തിൽവെച്ചിരുന്നു. ഇന്നു ഊഞ്ഞോൽ ഉത്സവമാണെന്ന സംഗതി ഭഗവാൻ മറന്നിട്ടില്ല. ഭഗവാൻ തട്ടത്തിൽനിന്നും "ഗന്ധധൂളി" യെടുത്തു് ശ്രീരാധാകാന്തദേവൻെറ തൃപ്പാദത്തിൽ സമപ്പിച്ചു. വീണ്ടും പ്രണമിച്ചു.

അനന്തരം കാളീക്ഷേത്രത്തിലേക്കു പോകുന്നു. ആദ്യത്തെ ഏഴുകല്പടികയറീട്ടു് തിരുമുററത്തുചെന്നുനിന്നു. അംബികക്കു് ഗന്ധധൂളിനൽകി. നമസ്കരിച്ചശേഷം കാളീക്ഷേത്രത്തിൽ നിന്നും തിരിച്ചു. അവിടെനിന്നുംകൊണ്ടു് "എന്താ! ബാബുരാമനെ കൂട്ടിച്ചു കൊണ്ടുവന്നില്ലയോ" എന്നു ചോദിച്ചു.

ഭഗവാൻ ഇഷ്ടകത്തറയിൽക്കൂടി നടക്കുന്നു. കൂടെ മാസ്റ്ററും, ഗന്ധധൂളിത്തട്ടമെടുത്തുകൊണ്ടു മറെറാരാളും വരുന്നു. തൻെറ മുറിയിൽക്കയറി അവിടെ വെച്ചിരുന്ന എല്ലാപടങ്ങൾക്കും ഗന്ധധൂളിനൽകി—തൻെറ ഫോട്ടോവിനും ക്രിസ്തുദേവൻെറ ചിത്രത്തിനും ഒഴികെ—ഇതാ വരാന്തയിൽവന്നു. നരേന്ദ്രൻ മുറിയിൽവരാനായി വരാന്തയിൽ ഇരിക്കുകയാണു്, ചില ഭക്തന്മാരോടു വത്തമാനംപറഞ്ഞുകൊണ്ടിരിക്കുന്നു. ഭഗവാൻ നരേന്ദ്രൻെറ ദേഹത്തിൽ ഗന്ധധൂളിവിതറി. മുറിയിൽ പ്രവേശിച്ചു. മാസ്ററരും കൂടെയുണ്ടു്. അയാൾക്കും ഗന്ധധൂളി പ്രസാദമായിലഭിച്ചു.

മുറിയിൽക്കടന്നു. ഭക്തന്മാരുടെ ദേഹത്തിലെല്ലാം ഗന്ധധൂളി വിതറി. എല്ലാവരും നമസ്കരിച്ചു.

ഉച്ചകഴിഞ്ഞു. ഭക്തന്മാർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഭഗവാൻ മാസ്ററരോടു പതുക്കെ വത്തമാനം പറയുന്നു. കൂടെയാരുമില്ല. ബാലഭക്തന്മാരെപ്പററിപ്പറയുന്നു. ഭഗവാൻ പറയുന്നു

—"എല്ലാവരും പറയുന്നു ധ്യാനം നല്ലപോലെ നടത്തുന്നുവെന്ന്. "പൽട്ടു"വിനു എന്താണു ധ്യാനം വരാത്തത്?"

നരേന്ദ്രനെപ്പററി നിനക്കെന്തുതോന്നുന്നു? ആർജ്ജവശീലൻ! പക്ഷെ കുടുംബക്ലേശത്തിൽ വളരെ വിഷമിക്കുന്നു. അതുകൊണ്ട് ഒരു മൂടൽ കാണുന്നുവെന്നുമാത്രം. അതു പൊയ്പോകും.

ഭഗവാൻ ഇടയ്ക്കിടെ വരാന്തയിലേക്കു എണീററുപോകുന്നുണ്ട് നരേന്ദ്രൻ ഒരു വേദാന്തവാദിയുമായിതർക്കം നടത്തുന്നു.

ക്രമേണ ഭക്തന്മാർ വീണ്ടും മുറിയിൽവന്നു കൂടിയിരിക്കുന്നു. ഭഗവാൻ മഹിമാചരണനോടു ഒരുസ്തോത്രം ചൊല്ലാൻ പറഞ്ഞു. അദ്ദേഹം മഹാനിർവ്വാണതന്ത്രം തൃതീയോല്ലാസത്തിൽനിന്നും ഇ പ്രകാരം സ്തോത്രം ചെയ്തു.

"ഹൃദയ കമലമദ്ധ്യേ നിർവിശേഷം നിരീഹം
ഹരിഹരവിധിവേദ്യം യോഗിഭിർദ്ധ്യാനഗമ്യം
ജനനമരണഭീതിഭ്രംശിസച്ചിത്സ്വരൂപം
സകലഭുവനബീജം ബ്രഹ്മചൈതന്യമീഡേ"

വീണ്ടും ഒന്നുരണ്ടു സ്തോത്രങ്ങൾ പറഞ്ഞശേഷം മഹിമാചരണൻ ശ്രീശങ്കരാചാര്യകൃതമായ മറെറാരുസ്തോത്രംചൊല്ലി. അതിൽ ഗഹനമായ സംസാരകൂപത്തെപ്പററി പറയുന്നുണ്ട്.

ഹേ ചന്ദ്രചൂഡമദനാന്തകശൂലപാണേ
സ്ഥാണോ ഗിരീശഗിരിജേശമഹേശശംഭോ
ഭൂതേശഭീതിഭയസൂദനമാമനാഥം
സംസാരദുഃഖഗഹനാജ്ജഗദീശരക്ഷ.

ഹേ പാർവ്വതീഹൃദയവല്ലഭചന്ദ്രമൗലേ
ഭൂതാധിപപ്രമഥനാഥഗിരീശചാപ
ഹേ വാമദേവ ഭവരുദ്രപിനാകപാണേ
സംസാരദുഃഖഗഹനാജ്ജഗദീശരക്ഷ—ഇത്യാദി

ശ്രീരാമകൃഷ്ണദേവൻ:—(മഹിമാചരണനോടു്) സംസാരകൂപം സംസാരഗഹനം എന്നൊക്കെ എന്തിനു പറയുന്നു? ആദ്യമാദ്യം അങ്ങനെ പറയേണ്ടിവരുന്നു. അദ്ദേഹത്തെ മുറുകെപ്പിടിച്ചുകഴിഞ്ഞാൽ പേടിയെന്തിനു?

ഏഇ സംസാര മജാര കുടി
ആമി ഖാഇ ദാഇ ആര മജാലുടി
ജനകരാജാ മഹാ തേജാ താര കിസേ ഛില ത്രുടീ
സേ യേ എദിക് ഓദിക് രേഖേ ഖേയേഛില ദുധേർബാടി.

അത്ഥം. ഈ സംസാരം ആനന്ദനിലയം. ഞാൻ ആനന്ദത്തിൽ ഉരുണ്ടുപുരണ്ടു് ആനന്ദത്തെ ഭുജിക്കുന്നു. മഹാതേജസ്വിയായ ജനകമഹാരാജാവിനു് എന്തൊരുകുറവായിരുന്നു അദ്ദേഹം ഇഹവും പരവും വെച്ചുകൊണ്ടു് ദുഗ്ദ്ധപാനമാണു ചെയ്തിരുന്നതു്.

എന്തിനു പേടി? അദ്ദേഹത്തെ പിടിച്ചുകൊള്ളു. മുൾക്കാടുകളായിരിക്കയേഉള്ളു. ഇരുന്നോട്ടെ. ചെരുപ്പിട്ടുകൊണ്ടു മുൾക്കാട്ടിൽക്കൂടി നിർഭയം നടന്നുകൊള്ളു. എന്തിനു ഭയപ്പെടുന്നം? കണ്ണാമ്പക്കിക്കളിയിൽ അമ്മൂമ്മയെത്തൊട്ടുകഴിഞ്ഞാൽ അയാൾപിന്നെ കള്ളനാകുമോ?

ജനകമഹാരാജാവു് എരട്ടവാളുവീശുകാരനായിരുന്നു. ഒരു വാളു്, ജ്ഞാനം മറേറവാളു് കമ്മം. തികഞ്ഞ കളിക്കാരനു് പേടി വേണ്ട.

ഇപ്രകാരമുള്ള ഈശ്വരീയ കഥകൾ നടക്കുന്നു. ഭഗവാൻ ചെറുകട്ടിലിലിരിക്കുന്നു. കട്ടിലിനടുത്തു മാസ്ററർ ഇരിക്കുന്നു.

ഭഗവാൻ:—(മാസ്റ്ററോടു്) അയാൾ സ്തോത്രം പറഞ്ഞല്ലോ! അതിൽ തന്നെ അയാളെ ആകർഷിച്ചു വെച്ചപോലെ തോന്നുന്നു.

ഭഗവാൻ, മഹിമാചരണൻ പറഞ്ഞ മഹാനിർവ്വാണതന്ത്രത്തിലെ ബ്രഹ്മജ്ഞാനരൂപമായ പദ്യത്തെപ്പററി പറഞ്ഞതാണു്.

നബാഇചൈതന്യനും മററു ചില ഭക്തന്മാരും വീണ്ടും പാടുന്നു. ഭഗവാനും ഏററുപാടുന്നു. ഭാവത്തിൽ നിമഗ്നനായി, സങ്കീർത്തനമദ്ധ്യേ നൃത്തം ചെയ്യുവാൻ തുടങ്ങി. കീർത്തനാവസാനത്തിൽ ഭഗവാൻ പറയുന്നു—

ഇതാണു് കാര്യമായുള്ളതു്, മറെറല്ലാം മിത്ഥ്യ. പ്രേമവും ഭക്തിയുമാണുവസ്തു, ശേഷമെല്ലാം അവസ്തു.

## അദ്ധ്യായം ൪.

വൈകുന്നേരമായി. ഭഗവാൻ പഞ്ചവടിയിലേക്കു പോയിരിക്കുന്നു. മാസ്ററരോടു "വിനോദ"നെപ്പററി സംസാരിക്കുന്നു. വിനോദൻ മാസ്ററരുടെ സ്ക്കൂളിൽപഠിക്കയാണു്. വിനോദനു് ഈശ്വരചിന്ത ചെയ്തുചെയ്തു് ഇടയ്ക്കിടെ ഭാവാവസ്ഥയുണ്ടാകും. അതിനാൽഭഗവാൻ ശ്രീരാമകൃഷ്ണദേവനു അയാളോടു വിശേഷ പ്രതിപത്തിയുണ്ടു്.

ഇപ്പോൾ ഭഗവാൻ മാസ്ററരുമായി വർത്തമാനം പറഞ്ഞുകൊണ്ടു് മുറിയിലേക്കുവരുന്നു. ഇലാഞ്ഞിത്തറക്കടെവിടുത്തായ

പ്പോഠം മാസ്ററരോടു പറഞ്ഞു— (സ്വശരീരത്തെപ്പററി) "ഇതിനെ ചിലർ അവതാരമെന്നുപറയുന്നു. നിനക്കെന്തു തോന്നുന്നു".

വർത്തമാനം പറഞ്ഞുകൊണ്ടു മുറിയിലെത്തി. മെതിയടി ഊരിവെച്ചിട്ടു് ചെറുകട്ടിലിലിരുന്നു. കട്ടിലിൻെറ വലത്തുവശം കയററുപായിട്ടിട്ടുണ്ടു്. മാസ്ററർ അതിലിരുന്നുകൊണ്ടു വർത്തമാനം പറയുന്നു. അവതാരത്തെപ്പററി വീണ്ടും ചോദിച്ചു. മററു ഭക്തന്മാർ കുറെ ദൂരെയിരിക്കയാണു്. അവക്കു ഇതൊന്നും കേഠക്കാൻ വഹിയ.

ശ്രീരാമകൃഷ്ണദേവൻ:—നീ എന്തു പറയുന്നു.

മാസ്ററർ:—എനിക്കും അങ്ങനെ തന്നെ തോന്നുന്നു. ചൈതന്യദേവൻ ഇല്ലായിരുന്നുവോ?

ശ്രീരാമകൃഷ്ണദേവൻ:— പൂൎണ്ണമോ, അംശമോ, കലയോ? അയാഠംപറഞ്ഞില്ലേ?

മാസ്ററർ:—അയാഠക്കറിഞ്ഞുകൂടാ. എന്നാൽ അദ്ദേഹത്തിൻെറ ശക്തിയാണു് അവതരിച്ചിരിക്കുന്നതത്രേ. അദ്ദേഹവും ഉണ്ടു്.

ശ്രീരാമകൃഷ്ണദേവൻ:—ഉവ്വു്. ചൈതന്യദേവൻ ശക്തിയെക്കണ്ടിരുന്നു. ഭഗവാൻ കുറെനേരം മൗനമായിരുന്നു. അനന്തരം പറയുന്നു.

മാസ്ററർ വിചാരിക്കുന്നു:—ചൈതന്യദേവൻ ഷഡ്ഭുജനായിരുന്നുവെന്നു ഭക്തന്മാർ കണ്ടിട്ടുണ്ടു്. ഭഗവാൻ ഇതിനെപ്പററിപ്പറഞ്ഞതെന്തിനായിരിക്കും?

ഭക്തന്മാർ മുറിക്കുള്ളിൽ അകലത്തല്ലാതെ ഇരിക്കുന്നുണ്ടു് നരേന്ദ്രൻ തൎക്കം നടത്തുന്നു. രാമചന്ദ്രദത്തൻ രോഗമെല്ലാം തീൎന്നു വന്നിരിക്കയാണു്. അദ്ദേഹവും നരേന്ദ്രനുമായി വാദം നടത്തുന്നു. ഭഗവാൻ നോക്കിയിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:— (മാസ്ററരോടു്) എനിക്കു ഈ വാദപ്രതിവാദങ്ങഠം രുചിക്കുന്നില്ല. (രാമചന്ദ്രനോടു്) മതി. നിനക്കു രോഗമായിരുന്നല്ലോ! കുറെ പതുക്കെയാകട്ടെ. (മാസ്ററരോടു്) എനിക്കു് ഇതൊന്നും രുചിക്കുന്നില്ല. ഞാൻ അമ്മയോടു ഈ വിധം കരഞ്ഞു പ്രാർത്ഥിക്കാറുണ്ടായിരുന്നു—"അമ്മേ! ഇയാഠം പറയുന്നു ഈ വിധമാണെന്നു; അയാഠം പറയുന്നു മറെറാരുവിധമെന്നു്; ഏതു ശരി ഏതു സത്യം എന്നു അമ്മ തന്നെ എനിക്കു പറഞ്ഞുതരണമേ" എന്നു്.

# ശ്രീമൽ ബ്രഹ്മാനന്ദസ്വാമികളുടെ സംഭാഷണങ്ങൾ.

(ഇന്നു് വെള്ളിയാഴ്ച. ൧൯൧൫ ജനുവരിമാസം ൧-ാംനു രാത്രി ഏകദേശം ഏഴുമണിയായിരിക്കും. പൂജനീയനായ ശ്രീമൽ ബ്രഹ്മാനന്ദസ്വാമി ഇന്നു് സന്ധ്യകഴിഞ്ഞു് ശ്രീമൽ സുബോധാനന്ദസ്വാമിയുടെമുറിയിൽ ജ്ഞാനബ്രഹ്മചാരിയുടെശയ്യയിലിരിക്കുന്നു. മുൻവശത്തു് മറെറാരുകട്ടിലിൽ കോന്നഗരത്തിലേ വിപിനഡാക്‌ടർ. ഇദ്ദേഹം സത്സംഗത്തിനായി ഇടയ്ക്കിടയ്ക്കു മഠത്തിൽ വന്നു് കുറെമാസം താമസിക്കാറുണ്ടു്. വയസ്സ് ഏകദേശം അൻപതൻപത്തഞ്ചു വരും.

ശ്രീമൽ ബ്രഹ്മാനന്ദസ്വാമിക്കു് ബാലസ്വഭാവം. പരമഹംസാവസ്ഥ. അദ്ദേഹം മത്സ്യം പിടിച്ചുകളിക്കാൻ ഇഷ്ടപ്പെടുന്നു. വെളുപ്പാൻ കാലത്തു് ഏഴുനേററു് ധ്യാനജപഭജനാദികൾ കഴിഞ്ഞു് ചിലപ്പോൾ മഠത്തിലേ പുഷ്കരണിയിൽ ചെന്നു് മത്സ്യം പിടിക്കുന്നു. കൂടെ ഭഗവാൻ രാമനും ബാലകരാമനും കാണും. മത്സ്യം പിടിച്ചു് ഉടൻ പുഷ്കരണിയിൽ വിട്ടുകളയുന്നു. ചിലപ്പോൾ വിപിനഡാക്‌ടരോടുകൂടി നേരമ്പോക്കു പറഞ്ഞുകളിക്കുന്നു. ചിലസമയം ഗംഭീരവിഷയങ്ങളെപ്പററി ആലോചിക്കുന്നു. ഗംഭീരങ്ങളായ അദ്ധ്യാത്മതത്വങ്ങളെക്കുറിച്ചു് പറയുമ്പോൾ അതിഗംഭീരഭാവത്തിൽ ഇരിക്കും. അപ്പോൾ,സാധാരണ മനുഷ്യനെപ്പോലെമുൻപ് നേരമ്പോക്കു പറഞ്ഞ ആളാണെന്നു് ആർക്കും തോന്നുകയില്ല. സ്വാതന്ത്ര്യേച്ഛയേയും സംസ്കാരത്തേയും കുറിച്ചാണു് ഇന്നു സംസാരിക്കുന്നതു്.)

ഡാക്‌ടർ:—ഒരേകുടുംബത്തിൽ തന്നെ ഒരേ വിധത്തിൽ അഭ്യസിച്ചിട്ടുള്ളവരിൽ— പഠിച്ചിട്ടുള്ളവരിൽ— തന്നെ ഒരാൾ സദ്വിത്തനും മറെറയാൾ ഭുർവ്വിത്തനുമായിത്തീരുന്നതു് എന്തുകൊണ്ടു്? ഇതു സംസ്കാരമല്ലേ?

സ്വാമികൾ:— എല്ലാം സ്വാതന്ത്ര്യേച്ഛ (free will) കൊണ്ടു് നടക്കുന്നതാണു്. ഒരുവൻ സൽപുരുഷനാകാനാഗ്രഹിച്ചു. ആ ഇച്ഛ ക്രമേണ ദൃഢപ്പെടുത്തി. അപ്പോൾ അവൻ നല്ലവനായി. മറെറയാൾ മറെറാരു വിധത്തിൽ ആഗ്രഹിച്ചു. അതുകൊണ്ടു അങ്ങനെ ആയിത്തീൎന്നു.

ഡാക്‌ടർ:—കുക്കുടസന്താനങ്ങൾവെള്ളത്തിലിറങ്ങുന്നില്ല. കഴുകനേ ഭയപ്പെടുന്നു. ഹംസത്തിൻെറ സന്താനങ്ങൾ വെള്ളത്തിലിറങ്ങി നീന്തുന്നു. ഇതു് പൂൎവ്വജന്മസംസ്കാരം കൊണ്ടല്ലേ?

സ്വാമികൾ:—(ഇച്ഛാപൂർവ്വം എതിർപക്ഷമെടുത്തു്) അതുഎങ്ങനെ പറയാം? മുട്ടയായിരിക്കുമ്പോൾ എന്തുകൊണ്ടാണു് വെള്ളത്തിലിറങ്ങാത്തതു്. കോഴിക്കുഞ്ഞുങ്ങൾ ആദ്യം കഴുകനെഭയപ്പെടുന്നില്ല. അവയുടെ സ്വാതന്ത്ര്യേച്ഛ പുഷ്ടമാകുമ്പോഴാണു് ഭയപ്പെടുന്നതു്. കൊച്ചുകുട്ടികൾ അഗ്നിയിൽ കൈവയ്ക്കാൻ ഭാവിക്കുന്നതു കണ്ടിട്ടില്ലേ? പിന്നീടു് സ്വാതന്ത്ര്യേച്ഛകൊണ്ടും നന്മതിന്മകളെക്കുറിച്ചാലോചിപ്പാനുള്ള ശക്തി ഉണ്ടാകുമ്പോൾ അങ്ങനെചെയ്യുന്നില്ല. സ്വാതന്ത്ര്യേച്ഛകൊണ്ടുതന്നെയാണു് സൃഷ്ടിസ്ഥിതിപ്രളയങ്ങൾ ദിനന്തോറും നടക്കുന്നതു്. ദൈനന്ദിനജീവിതം കാണുന്നില്ലേ? നിങ്ങൾക്കു് അസുഖം (രോഗം) വരുമ്പോൾ പ്രളയത്തിലേക്കുപോകുന്നു. അപ്പോൾ നിങ്ങളുടെ സ്വാതന്ത്ര്യേച്ഛ പറയുന്നു, ഔഷധംകൊണ്ടു രക്ഷിക്കുക. സൃഷ്ടിക്കുക, പിന്നെ കുറേക്കാലം സ്ഥിതി നടക്കുന്നു. ഇപ്രകാരം സ്വാതന്ത്ര്യേച്ഛകൊണ്ടും സൃഷ്ടിസ്ഥിതിപ്രളയങ്ങൾ നടക്കുന്നുവെന്നു മനസ്സിലാകുന്നില്ലേ? സാധനഭജനാദികൾചെയ്തു എന്നാൽ എന്തു്? ഈ സ്വാതന്ത്ര്യേച്ഛയേ വൎദ്ധിപ്പിക്കുക, ഇച്ഛാശക്തിയെ എത്രമാത്രം വൎദ്ധിപ്പിക്കുന്നു, അത്രത്തോളം ഈശ്വരനിലേക്കു മുന്നോട്ടുപോകുന്നു. ശ്രീരാമകൃഷ്ണദേവൻ പറയുന്നു, "ഉള്ളിലുള്ള ശക്തിയേ ഉണൎത്തുക" ദുർബ്ബലമായ വൈരാഗ്യം—മക്കടവൈരാഗ്യം—കൊണ്ടു് ഒരു പ്രയോജനവുമില്ല. മനസ്സു് എത്രത്തോളം ശുദ്ധമാകുന്നു, അത്രയ്ക്കു സ്വാതന്ത്ര്യേച്ഛ വൎദ്ധിക്കുന്നു. ബുദ്ധദേവനേ കാണുന്നില്ലേ? ഒരു വൃക്ഷതലത്തിലിരുന്നുകൊണ്ടു് ദൃഢപ്രതിജ്ഞ ചെയ്തു. "ഇവിടെ ഇരുന്നു് ഒന്നുകിൽ എന്റെ ശരീരം ശോഷിക്കട്ടെ. അല്ലെങ്കിൽ തത്വജ്ഞാനം ഉണ്ടാകട്ടെ" ഇച്ഛാശക്തി അത്യന്തം പ്രബലമായിരുന്നതുകൊണ്ടു് പരമപദം പ്രാപിച്ചു. എല്ലായിടത്തും ഇതുപോലെതന്നെ. ബ്രഹ്മചാരി മുതലായ സകലരും അവരുടെ സ്വാതന്ത്ര്യേച്ഛയെ വൎദ്ധിപ്പിപ്പാൻ ശ്രമിക്കേണ്ടതാണു്. എനിക്കു് ഈ ജന്മത്തിൽ തന്നെ ഈശ്വരനെ പ്രാപിക്കണം എന്ന ഭാവംവേണം. പിന്നീടു് പ്രാപിക്കാമെന്നുള്ള ഭാവം ഇരിക്കരുതു്. നിങ്ങളെ പ്രവൎത്തിപ്പിക്കുന്നതു് നിങ്ങളുടെ ഇച്ഛാശക്തിതന്നെയാണു്. ഇവിടെ നിന്നും എണീറ്റു് അവിടെ പോയി ഇരിക്കട്ടെ എന്നു നിങ്ങൾ ഇച്ഛിക്കുന്നു. അപ്പോൾ നിങ്ങൾക്കു് അതു ചെയ്വാൻ സാധിക്കുന്നു. എന്തു ചെയ്യുകയാണെങ്കിലും അതിനു മുമ്പിൽ സ്വാതന്ത്ര്യേച്ഛ "ഇന്നവിധം ചെയ്ക" എന്നു പറയുന്നു. ഒരുശവം വീണുകിടക്കുന്നു. അതിനു് ഇന്ദ്രിയങ്ങൾ മുതലായ സകലതുംഇരിക്കുന്നു. എങ്കിലും അതിനു് എഴുനേൽക്കാനോ നടക്കുവാനോ സാധിക്കാത്തതു് എന്തുകൊണ്ടു്? ഇതിനു് നിങ്ങൾ എന്തു സമാധാനം പറയും?

ഡാക്ടർ:—അതിനു ചൈതന്യമില്ലാത്തതുകൊണ്ടു്.

സ്വാമികൾ:—അതു് ഒരു വാക്കുമാത്രം നിങ്ങൾ പറഞ്ഞുവെന്നേയുള്ളു. ചൈതന്യമെന്നാൽ ഏതൎത്ഥത്തിലാണു് നിങ്ങൾ മനസ്സിലാക്കുന്നതെന്നു പറയുക? അതിനേ ശരിയായി വ്യാഖ്യാനിക്കുക.

ഡാക്ടർ:—വിദ്യുഛക്തികൊണ്ടു നടക്കുന്നുണ്ടല്ലോ.

സ്വാമികൾ:—വിദ്യുഛക്തികൊണ്ടു് ഒരു ശവത്തേ ജീവിപ്പിക്കാമോ?

ഡാക്ടർ:—കൈകാലുകൾക്കു് ചലനമില്ലാതെ മരണത്തിന്റെ ലക്ഷണങ്ങൾ വന്നിട്ടുള്ളവരേ വിദ്യുഛക്തികൊണ്ടും കുറേ മണിക്കൂർ ജീവിപ്പിച്ചതായുള്ള ചില ദൃഷ്ടാന്തങ്ങൾ ഞാൻ കണ്ടിട്ടുണ്ടു്.

സ്വാമികൾ:—അവർ അപ്പോൾ പൂൎണ്ണമായി മരിച്ചിട്ടില്ല. ചില മരണലക്ഷണങ്ങൾ കണ്ടു. അതിനേ നിങ്ങൾ അല്പം ഉണൎത്തുകമാത്രം ചെയ്തു. എന്നാൽ തീരെ മരിച്ച ആളേ ജീവിപ്പിക്കാമോ?

ഡാക്ടർ:—നിവൃത്തിയില്ല. ഈ ഇച്ഛാശക്തി എവിടെനിന്നും വന്നു?

സ്വാമികൾ—അതു് മററാരുചോദ്യമാണ്. അതിനേപ്പററി വളരെ പറയാനുണ്ടു്. ശവത്തിനു് സ്വതന്ത്രേഛ ഇല്ല. ഇഛിക്കാൻ അതിനു സാധിക്കുന്നില്ല. അതുകൊണ്ടു് അനങ്ങുന്നില്ല. കഷ്ടം! ഡാക്ടർ! നിങ്ങൾ തോററല്ലോ! നാളെ ഞാൻ നിങ്ങളുടെ പക്ഷംപിടിച്ചു് നിങ്ങളെ തോല്പിക്കാം. പിന്നൊരുദിവസം സംസ്കാരവുംഇഛാശക്തിയും ഒന്നും ഇല്ലെന്നു മനസ്സിലാക്കിത്തരാം. ഡാക്ടർ മഹാശയ! നിങ്ങളോടു് ഒരു സംഗതി വളരെ ആന്തരമായി ഞാൻ പറയുന്നു. ഇപ്പോൾ മനസ്സിലായില്ലെങ്കിലും കാലക്രമേണ മനസ്സിലാകും. എന്നാൽ ഇപ്പോൾതന്നെ ഓൎമ്മയിൽ വയ്ക്കുക! ഓരോ വ്യക്തിയുടെ മനസ്സും ബുദ്ധിയും അവനെ നല്ലതിലേക്കുതന്നെയാണു് നയിക്കുന്നതു —ചീത്തയാകാൻ സമ്മതിക്കുന്നില്ല. ചിലരെ കണ്ടകവനത്തിൽക്കൂടിയും ചിലരെ നേർവഴിക്കും ചിലരെ മറുമാൎഗ്ഗത്തിൽക്കൂടിയും നയിക്കുന്നു. ഇങ്ങനെ ഒരു സാധനതന്നെയുണ്ടു്. മനസ്സിനെ അതിന്റെ ഇഛാനുസരണം പോകാൻ അനുവദിക്കുക! അതിന്റെ ഇഷ്ടംപോലെ ചെയ്യട്ടെ. അപ്രകാരം ചെയ്താൽ ആദ്യം മുള്ളിലും അഴുക്കിലും കൂടി പോയാലും ഒടുവിൽ നല്ലതിലേക്കുതന്നെ പോകും. ഇതു വിസ്മരിക്കരുതു്. ഓൎമ്മവയ്ക്കുക. (അല്പം മൌനമായിരുന്നു്) ഈശ്വരനെപ്പററി പറയാൻ ഭാവിക്കുന്നതുപോലും നമ്മുടെ ഔദ്ധത്യമാണു്. വാങ്മനസ്സുകൾവഴിയായി പറയുമ്പോൾ അദ്ദേഹത്തെ ചെറുതാക്കു (താഴ്ത്തു)കയാണു്. മഹിമ്നാസ്തോത്രത്തിൽ ഒരിടത്തു പറയുന്നു, "സമ്മ

ദ്രം മഷിയും ഹിമാലയം പേനയും ബ്രഹ്മാണ്ഡം കടലാസ്സും ആയിത്തീന്നാൽക്കൂടി അങ്ങയുടെ മഹിമ എഴുതിത്തീക്കാൻ സാധിക്കുകയില്ല." കാശീപുരോദ്യാനത്തിൽ ലീലാസംവരണത്തിനു് അല്പം മുമ്പു ശ്രീരാമകൃഷ്ണദേവൻ അനന്തത്തെപ്പററി എന്തെല്ലാം ഭാവങ്ങൾ ഞങ്ങൾക്കു നൽകി. ഒരുദിവസം, ഞാൻ, ഗിരിശബാബു, സ്വാമിജി (ശ്രീമൽ വിവേകാനന്ദസ്വാമി) ശശി (ശ്രീമൽ രാമകൃഷ്ണാനന്ദസ്വാമി) നിരഞ്ജനൻ (ശ്രീമൽ നിരഞ്ജനാനന്ദസ്വാമി) ഇത്രയുംപേർ ഉണ്ടായിരുന്നു. അന്നു് ഞങ്ങൾ ബാലന്മാർ, അന്നു് ഗിരിശബാബു ഞങ്ങളിൽ പ്രായംകൂടിയആൾ, അതിബുദ്ധിമാൻ ശ്രീരാമകൃഷ്ണദേവൻെറ നാവിൽനിന്നും അനന്തത്തെപ്പററി സ്വല്പംകേട്ടു. "ഇത്രയുംമതി- ധരിക്കാൻ സാധിക്കുന്നില്ല" എന്നു് അദ്ദേഹം പറഞ്ഞു. ഓ! എന്തെല്ലാം സംഗതികളാണു് ഭഗവാൻപറഞ്ഞതു്. ഇങ്ങനെ പറഞ്ഞു "ശുകദേവൻ ഒരുപിപീലിക മാത്രം. ഒരുതിരി കിട്ടിയപ്പോൾതന്നെ നിറഞ്ഞു (ഉന്മത്തനായി). രാമൻ, കൃഷ്ണൻ, മുതലായ അവതാരങ്ങൾ സച്ചിദാനന്ദവൃക്ഷത്തിൽ കുല്ലും കുല്ലുമായി ഉണ്ടാകുന്നു (ഫലിക്കുന്നു). ഇതെല്ലാം അനന്തത്തിൻെറ ഭാവം. ഞങ്ങൾ അപ്പോൾ ബാലന്മാർ. ഇതെല്ലാം എങ്ങനെ ധരിക്കും? ആകട്ടെ, ഇന്നു് ഇത്രയും മതി.

---

# കർമ്മം.

(ശ്രീ ഗിരിശചന്ദ്രഘോഷ്)

സിദ്ധകവി ശ്രീരാമപ്രസാദൻ പാടുന്നു, "ഭാൽമന്ദദുടികഥാ, ഭാൽടിതാര് കരഭാൽ"—നന്മയെന്നും തിന്മയെന്നും രണ്ടുണ്ടു്, അതിൽ നന്മചെയ്യുയാണു് നന്നു്—ഈ വാക്യത്തിൻെറ യാഥാത്ഥ്യം എല്ലാ ജീവിതത്തിലും അനുഭവസിദ്ധമാണു്. ഭ്രമം നിമിത്തം നാം നിശ്ചിന്ത (നിഷ്കമ്മ) രാകാൻ ശ്രമിക്കുന്നു. എന്നാൽ അപൂണ്ണാവസ്ഥയിൽ നിശ്ചിന്തരാകുന്നതിനേക്കാൾ ക്ലേശം മററൊന്നുമില്ല. ആത്മദശനത്താൽ യാതൊരുവൻെറ ചിത്തം സ്ഥിരമായിരിക്കുന്നു, യാതൊരുവൻെറ മനസ്സ് സങ്കല്പവികല്പരഹിതമായിട്ടു് നിഷ്കമ്പദീപം പോലെ ഇരിക്കുന്നു, അദ്ദേഹത്തിനു മാത്രമേ നിഷ്കമ്മനാകാൻ സാധിക്കയുള്ളൂ. എന്നാൽ ഇന്ദ്രിയങ്ങൾ അത്യന്തചപലങ്ങളായതുകൊണ്ടു് അദ്ദേഹത്തിൻെറ ഇന്ദ്രിയങ്ങളും സ്വസ്വപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ ഇരിക്കെ സാധാ

രണ ജീവികൾക്ക് എപ്രകാരം കർമ്മത്തിൽ നിന്നു മോചനം ലഭിക്കും? ചഞ്ചലയായ മഹാമായ (പ്രകൃതി) ഒരു നിമിഷവും സ്ഥിരയല്ല. വിദ്യ, അവിദ്യ, എന്നീ ശൃംഖലകളാൽ ജീവിയെ ബന്ധിച്ച് രാപ്പകൽ ആട്ടുന്നു. ഈ ശൃംഖലയെ ഛേദിക്കാതെ ചാഞ്ചല്യം മാറുകയില്ല. പ്രവൃത്തിയുടെ ശ്രമത്താൽ ക്ലാന്തരാകുമ്പോൾ, എന്നാണ് നിശ്ചിന്തരാകാൻ സാധിക്കുന്നതു് എന്നു വിചാരിക്കുന്നു. തന്നിമിത്തം ചിന്താരഹിതമായ അവസ്ഥ ലഭിക്കുന്നില്ലെന്നു മാത്രമല്ല എങ്ങിനെ നിശ്ചിന്തരാകാം എന്ന ദുശ്ചിന്ത ശതഗുണം നമ്മെ ചഞ്ചലരാക്കുന്നു. ആലോചിച്ചു നോക്കുമ്പോൾ ആപേക്ഷികാവസ്ഥയിൽ—അപൂർണ്ണാവസ്ഥയിൽ—നിശ്ചിന്താവസ്ഥ ലഭിക്കുകയെന്നതു് മരിക്കുകതന്നെയാണെന്നു മനസ്സിലാകും.

നിശ്ചിന്തരാകണമെന്ന് നാം പറയുന്നു, നിശ്ചിന്തരാകാനാഗ്രഹിക്കുന്നുവെന്നും നാം വിചാരിക്കുന്നു, എന്നാൽ, വാസ്തവമായി നാം അതു കാംക്ഷിക്കുന്നില്ല. ഭോഗമാണ് നമ്മുടെ ലക്ഷ്യം. എന്നാൽ, ഭോഗിയും സ്ഥിരനല്ല. അവനും അന്യരേപ്പോലെ അനവരതം പരിശ്രമിക്കുകതന്നെ വേണം. ജീവനോപായത്തിനായി യത്നിച്ച് ധാരാളം പണം കിട്ടിയാൽ പ്രയാസമൊഴിയുമെന്നും സുഖമായിരിക്കാമെന്നും വിചാരിച്ചിരുന്നു. എന്നാൽ അർത്ഥോപാർജ്ജനത്തിനുശേഷം വളരെ മടങ്ങ് ചിന്തയും പരിശ്രമവും വർദ്ധിച്ചിരിക്കുന്നതായി കണ്ടു് ശ്രമഹാരിണിയായ നിദ്രാദേവിയും ക്രമേണ നമ്മെ പരിത്യജിക്കുന്നു. അർത്ഥോപാർജ്ജനത്തേക്കാൾ തൽസംരക്ഷണം ദാരുണദുഃഖത്തിനു ഹേതുവായി തീർന്നു. വരുന്നതുപോലെ വരട്ടെ, ധനം പോയാൽ പോകട്ടെ, എന്തുചെയ്യാം? എനിക്കു വിചാരപ്പെടാൻ കഴികയില്ല, എന്നു് ആലോചിക്കുകയാണെങ്കിലും പരിശ്രമബാധ ഒഴിയുന്നില്ല. എന്തെങ്കിലും ചെയ്യണം. എന്തുചെയ്യണം, എന്തുചെയ്യണം? എന്നു് വലുതായ ചിന്തയും ഉണ്ടാകുന്നു. ആനന്ദമായിരിക്കാം എന്നു വിചാരിച്ചാൽ അതും മഹാവിപത്തുതന്നെ. ഇന്നലെ യാതൊന്നിൽ നിന്നു് ആനന്ദമുണ്ടായോ ഇന്നു് അതിൽ നിന്നും ആനന്ദം ലഭിക്കുന്നില്ല—ആനന്ദം നൽകുന്നില്ല. പുതുതായി വല്ലതും വേണം. അന്നത്തിന്റെ അഭാവം ഉണ്ടായപ്പോൾ അതിന്റെ നിവൃത്തിക്കു് ദിവാനിശം യത്നിച്ചു. ആമോദത്തിനുള്ള ഉപകരണങ്ങളുടെ അഭാവവും അതുപോലെ അതിദുഃഖകരമാണ്. എത്രമാത്രം പ്രയത്നിക്കണമോ അത്രമാത്രം പ്രയത്നിക്കുകതന്നെ വേണം. അഭാവം പിന്നെയും ഉണ്ടായിരിക്കും. അന്നാഭാവം ഉണ്ടായിരുന്നപ്പോൾ ഇന്ദ്രിയങ്ങളുടെ താഡന അത്രമാത്രം ഇല്ലായിരുന്നു. ഇപ്പോഴാവട്ടെ, ഇന്ദ്രിയങ്ങൾ ശതദന്തങ്ങൾ കൊണ്ടും ദംശനം ചെയ്യുന്നു. ഭോഗത്താൽ ഭോഗതൃഷ്ണ പ്രബലമായിട്ടു് രാപ്പകൽ ക്ലേശിപ്പിക്കുന്നു.

ഒരു ധനവാൻ എന്നോട് ഇങ്ങിനെ പറഞ്ഞിട്ടുണ്ട് "ഞങ്ങൾക്കു സുഖമാണെന്നു പലരും വിചാരിക്കുന്നു. എന്നാൽ പരമാൎത്ഥം അങ്ങനെയല്ല. മററു ചിന്തകളെല്ലാം തള്ളിക്കളഞ്ഞാലും എന്തുചെയ്യണം! എന്തുചെയ്യണം എന്നുള്ള വിചാരം മാറുന്നില്ല. ജീവനേപ്പോലും തുച്ഛമാക്കി ഭോഗാൎത്ഥം പരഗൃഹങ്ങളിൽ പ്രവേശിക്കുന്നു. പാപശിക്ഷയേ ശിരസാവഹിച്ച് കുത്സിതചിന്തകളാൽ അസ്ഥിരരായി അഹോരാത്രം തൃഷാഗ്നിയിൽ ദഗ്ദ്ധരായി ഭോഗങ്ങളേ അന്വേഷിക്കുന്നു. തൃപ്തിയെന്നതു് അല്പംപോലുമില്ല, കേവലം ക്ലേശം തന്നെ. "ധനവാന്റെ ഈ വാക്കു് പൂൎണ്ണസത്യമാണു്. പരിശ്രമം ഒഴിക്കുവാൻ അസാദ്ധ്യമെന്നു കാണുന്നു. ഈ ക്ലേശത്തെ അല്പമെങ്കിലും ലഘുപ്പെടുത്താൻ മാൎഗ്ഗമുണ്ടോ? വ്യാകുലനായി തന്നോടുതന്നെ ഈ ചോദ്യം ചോദിക്കുമ്പോൾ പ്രസന്നചിത്തനായ ഗുരു ഉപദേശം നൽകും. വിവേകിയേ സാവധാനത്തിൽ മനസ്സിലാകും. അവിദ്യയാണു് ഇപ്രകാരം ക്ലേശിപ്പിക്കുന്നതു്. വിദ്യാമായയേ ശരണം പ്രാപിക്കുക! ഇത്രനാളും സുഖത്തേ അന്വേഷിച്ചു് ദുഃഖമനുഭവിച്ചു. എന്റെ അഭാവം, എന്റെ അഭാവം, എന്നു വിചാരിച്ചു് വ്യാകുലനായി. എന്റെ അഭാവത്തിന്റെ പൂരണത്തിൽ ചഞ്ചലനാകാതെ അന്യരുടെ അഭാവത്തെ പൂരിപ്പിക്കുവാൻ ശ്രമിക്കുക! അവിദ്യാബദ്ധനായ ജീവി ഇതു മനസ്സിലാക്കുന്നില്ല. എന്റെ അഭാവത്തിനുവേണ്ടി പ്രയത്നിച്ചില്ലെങ്കിൽ ആരുടെ അഭാവത്തിനുവേണ്ടി പ്രവൎത്തിക്കണം എന്നു് വിചാരിക്കുന്നു—ഇതിനു് വിവേകിയായ ചിത്തം ഇതാ ക്ലേശം അനുഭവിച്ചില്ലേ? എന്നു് മറുപടി പറയും. ഇപ്രകാരം യുക്തിയുക്തമായ വാക്കു് പൂൎണ്ണമായി മനസ്സിലാകുന്നുമില്ല. മനസ്സിൽ അനേകം അവസ്ഥകളെ കല്പിക്കുന്നു. വളരെ ധനമുണ്ടാകട്ടെ, ചോരന്മാരുടെ ഉപദ്രവം ഇല്ലാതിരിക്കട്ടെ, അതിവ്യയത്തിൽ ധനക്ഷയം വരാതിരിക്കട്ടെ, ആഗ്രഹിക്കുന്നതെല്ലാം ഉടനേ ലഭിക്കട്ടെ, അവിവേകിയായ മനസ്സും ഈ സുഖാവസ്ഥയേ കല്പിക്കുന്നു. ആ കല്പന അഷ്ടസിദ്ധികളെ സമ്പാദിപ്പാനുപദേശിക്കുന്നു. ഞാൻ ആ സ്ഥിതി ആലോചിച്ചുനോക്കിയിട്ടുണ്ടു്. വിവേകം എന്റെ മനസ്സിൽ ഉദിച്ചു് ഉപദേശിച്ചു, "ഇതു് ദൈത്യാവസ്ഥയാണു്—സുഹൃത്തില്ലാത്തതായ സംസാരം ഭസ്മാക്ഷനേപ്പോലെ ഏകാകിയായിരുന്നു് സ്വാൎത്ഥപ്രചോദിതമായ ശക്തിയുടെ താഡനയാൽ ഘോരമായ നരകകുണ്ഡത്തിൽ കഴിക്കണം. ആഗ്രഹിക്കുന്നവയെല്ലാം കിട്ടുന്നതു് സുഖപ്രദമാണെങ്കിലും ഒരു ദുൎജ്ജയയാവസ്ഥ ഉണ്ടു്. എന്നു് ആഗ്രഹിക്കണമെന്നു് അറിയുന്നില്ല. ആഗ്രഹിച്ചതെല്ലാം കിട്ടിക്കഴിഞ്ഞു. ഇനിയും പുതുതായി എന്താഗ്രഹിക്കണം? ഇപ്രകാരമുള്ള സ്ഥിതി അഷ്ടസിദ്ധനിൽ മാത്രമല്ല പരിഷ്കൃതദേശങ്ങളിലേ പല ധനാഢ്യന്മാൎക്കും കാണുന്നു. ഈ അഭാവത്താൽ പ്രേരിത

രായി എത്ര അസംഖ്യം ജനങ്ങൾ അസ്വാഭാവികങ്ങളായ പാപങ്ങളെ സൃഷ്ടിക്കുന്നു അതിലും തൃപ്തി ലഭിക്കുന്നില്ല. പ്രത്യുത പാപം മാത്രം വർദ്ധിക്കുന്നു.

അസുരദമനത്തിനായി ഈശ്വരന് ഇപ്രകാരം കഷ്ടപ്പെടേണ്ട ആവശ്യം എന്തെന്ന് മുമ്പ് ഞാൻ വിചാരിച്ചിരുന്നു. ലീലയാണ് എന്ന സമാധാനം എനിക്കു തൃപ്തികരമായി തോന്നിയില്ല. ഈ ചോദ്യത്തിന് ഇപ്പോൾ തോന്നുന്ന സമാധാനം ഇപ്രകാരമാണ്. കല്പതരുവായ ഈശ്വരനോടു പ്രാർത്ഥിച്ച് അസുരന്മാർ ദുർദ്ദമരായിത്തീർന്ന് അമേയമായ ശക്തി പ്രാപിച്ചു. ആ ശക്തി സ്വാർത്ഥചാലിതമാകാതെ നിഷ്കാമഭാവത്തിൽ ഉപയോഗിച്ചിരുന്നാൽ അസുരൻ ദേവനായിത്തീർന്ന് ഈശ്വരനിൽ ലയിക്കുമായിരുന്നു—ഇച്ഛാമയനായ പ്രഭുവിന്റെ ഇച്ഛയിൽ ഏകീഭൂതനാകുമായിരുന്നു. എന്നാൽ അസുരൻ സ്വാർത്ഥപരൻ. ഈശ്വരൻ നിഃസ്വാർത്ഥൻ. അസുരന്മാരുടെ താഡനയാൽ ജീവികൾ ദുഃഖിച്ചപ്പോൾ ദയാമയൻ അവതരിച്ചു. ദയാശക്തിയുടെ അനിവാര്യമായ പ്രഭാവത്താൽ മാത്രമാണ് വരദത്തമായ ആസുരശക്തിയെ പരാജിതമാക്കിയത്. സ്വശക്തിയോടുകൂടിയുള്ള സംഗ്രാമത്തിൽ അവതാരങ്ങൾക്കുപോലും ഇപ്രകാരം ക്ലേശം സഹിക്കേണ്ടിവന്നു.

ആലോചിച്ചു നോക്കുമ്പോൾ കാമാദിരിപുക്കളുടെ താഡനതന്നെയാണ് ദുഃഖമെന്നും അത് സ്വാർത്ഥത ഇരിക്കുന്ന കാലംവരെ മാറുകയില്ലെന്നും കാണാം. എന്നാൽ കലുഷിതമായ മനസ്സ് കുയുക്തിയവലംബിച്ച് വീണ്ടും ഉപദേശിക്കും, എന്ത്! എനിക്കുവേണ്ടി ഞാൻ എന്തു ചെയ്യുന്നു. ഈ അരച്ചാൺ വയറിനുവേണ്ടി വല്ലവരും പ്രവർത്തിക്കുമോ? പുത്രകളത്രാദികൾക്കും ആശ്രിതന്മാർക്കുമായിട്ടാണ് ഞാൻ ക്ലേശിക്കുന്നത്. മായാമോഹിതമായ മനസ്സ് തത്വം മനസ്സിലാക്കുന്നില്ല. എന്റെ സ്വാർത്ഥംതന്നെയാണ് പല രൂപങ്ങൾ ധരിച്ച് എന്റെ പുത്രകളത്രാദികളുടെ ദുഃഖത്തിൽ ഞാൻ ദുഃഖിച്ച് അവരുടെ ഹിതത്തെ അന്വേഷിക്കുന്നു എന്ന് വിചാരിപ്പാൻ ഇടയാക്കിത്തീർക്കുന്നത്. അന്യന്റെ മകൻ മരിച്ചാൽ എന്റെ പുത്രൻ രക്ഷപ്പെട്ടുമെങ്കിൽ ഞാൻ അതു പൂർണ്ണമായും കാംക്ഷിക്കുന്നു. എന്റെ ആളുകൾ സുഖമായിരിക്കട്ടെ, പിന്നെ ലോകമെല്ലാം നശിച്ചാൽ എന്ത്! ഈ മഹാസ്വാർത്ഥസാധനമായ പരാർത്ഥമാണെന്നു നാം പറയുന്നു. യുക്തി പരാജയപ്പെട്ടാലും മായ തോല്ക്കുകയില്ല. അവിദ്യാമായ പറയുന്നു, സ്വാർത്ഥമന്വേഷിച്ച് ഒരു ദിവസമെങ്കിലും സുഖമനുഭവിച്ചിട്ടുണ്ട്. നിഃസ്വാർത്ഥനായാൽ അതുപോലും കിട്ടുകയില്ല. ഇപ്രകാരമുള്ള മഹാഭ്രമത്തെ കല്പിക്കുവാൻ അവിദ്യാമാ

യയ്ക്കു മാത്രമേ സാധിക്കൂ. ഭ്രമത്തിനു മീതേ ദുർജ്ജയമായ ഭ്രമം നി:സ്വാർത്ഥതയിൽ സുഖമില്ലെന്നുവിചാരിക്കുന്നതുതന്നെയാകുന്നു.

വിദ്യാമായയെ അനുഗമിക്കുവാൻ നിങ്ങൾ ഭയപ്പെടുന്നു. എത്ര കഠിനകൃത്യങ്ങൾ ചെയ്യേണമെന്നു വിചാരിക്കുന്നു. എന്നാൽ അവിദ്യാമായയ്ക്കു് അധീനനായി അപ്രകാരമുള്ള കാര്യങ്ങൾ തന്നെയാണു് ഇപ്പോൾ നിങ്ങൾ ചെയ്യുന്നതു്. മായാജയത്തിനു കൃതസങ്കല്പനും വിദ്യാമായാപ്രേരിതനും ഗൃഹത്യാഗിയുമായ സന്ന്യാസിയേക്കണ്ടു് ഇതാ ഈ ആൾ നിരാശ്രയൻ—എനിക്കു് ഈ സ്ഥിതി വന്നാൽ എന്തു കഷ്ടമായിരിക്കുമെന്നു നീങ്ങൾ വിചാരിക്കുന്നു. അദ്ദേഹം തരുതലത്തിൽ വസിക്കുന്നതുകണ്ടു് നിങ്ങൾ ഭയപ്പെടുന്നു. എന്നാൽ ഗ്രാമന്തോറും തരുതലത്തിലിരുന്നു് നിങ്ങൾ അർത്ഥോപാർജ്ജനം ചെയ്തിട്ടില്ലേ? വീരപുരുഷ! രണാങ്കണത്തിൽ ഈ സന്ന്യാസിയേപ്പോലെ വാരിധാരയേയും കൊടുങ്കാററിനേയും നിങ്ങൾ സഹിച്ചിട്ടുണ്ടല്ലോ. ധനവാൻ ധനമന്വേഷിച്ചും മാനി മാനത്തിനുവേണ്ടിയും ഭോഗി ഭോഗവാസനയാലും അനേകദിവസം ഈ വൃക്ഷമൂലത്തേ ആശ്രയിക്കുന്നു. എന്നാൽ ത്യാഗിയായ സന്ന്യാസിയും അവരും തമ്മിലുള്ള വ്യത്യാസം ഇത്രമാത്രം. അദ്ദേഹം ഈശ്വരനിൽ ആത്മസമർപ്പണം ചെയ്തു് ഈ തരുതലത്തേ ആനന്ദധാമമാക്കിത്തീർത്തിരിക്കുന്നു. അവരോ യഥാസൗകര്യം അവരവരുടെ സൗധങ്ങളിൽ താമസിച്ചും മായാമോഹിതരായി വിപൽസാഗരത്തിൽ—കരയില്ലാത്ത കടലിൽ—ഒഴുകുന്നു. മദ്ധ്യാഹ്നം കഴിഞ്ഞിട്ടും സന്ന്യാസിക്കു ആഹാരം കിട്ടിയില്ലന്നു നിങ്ങൾ കാണുന്നു. എന്നാൽ ഇന്നലെ കേസിൽ കുടുങ്ങി നിങ്ങളുടെ ഉദരത്തിലും അന്നംപോയില്ല എന്നു് ഓർക്കുന്നുവോ? മററു ദിവസങ്ങളിൽ നിങ്ങൾക്കു ഭക്ഷണം വന്നുചേരുന്നു, അദ്ദേഹത്തിനും ലഭിക്കുന്നു. ഭേദം ഇത്രമാത്രം. അദ്ദേഹം ഈശ്വരനെ ആശ്രയിച്ചിരിക്കുന്നു, നിങ്ങൾ അന്നചിന്തയാൽ കാതരനായിരിക്കുന്നു. സൂക്ഷ്മമാലോചിച്ചാൽ സർവ്വസ്വത്യാഗിയായ ഈ മഹാപുരുഷനു് എന്തെല്ലാം ദുഃഖങ്ങളുണ്ടെന്നു നാം സങ്കല്പിക്കുന്നു, അതിലും അനേകമടങ്ങു കഷ്ടതകൾ ജീവിതയാത്രയിൽ നാം സ്വീകരിച്ചിരിക്കുന്നുവെന്നു മനസ്സിലാകും. ഗുരുസേവയിൽ നമുക്കു വെറുപ്പ് എന്നാൽ പുത്രാദികളേ സേവിക്കുന്നു. ഈശ്വരോപാസന ചെയ്യുന്നില്ല, എങ്കിലും രമണിയേ ഉപാസിക്കുന്നു. തീർത്ഥയാത്ര ചെയ്യുന്നില്ല, പകരം അനേകം ദുർഗ്ഗമസ്ഥലങ്ങളിൽ പോകുന്നു. ദേവദർശനത്തിൽ അനാസക്തൻ—എന്നാൽ എന്നേക്കാൾ ശക്തിയുള്ളവൻെറ വാതല്ക്കൽ യാചകനേപ്പോലെ പോകുന്നു. മാത്രമോ? ഇതിലും നിന്ദ്യമായ സ്ഥിതിയും ചിലപ്പോൾ വന്നുചേരുന്നു. വേശ്യയുടെ ഉപാസന, ഉദ്യോഗസ്ഥന്മാരുടെ താഡനം, മദ്യാലയഗമനം, ജയിൽവാസം മുത

ലായവയും സംഭവിക്കുന്നു. ഇവിടെ ശാന്തിക്കു പകരം ഹൃദയത്തെ അശാന്തിയുടെ ആവാസഭൂമിയാക്കുന്നു എന്നു മാത്രമേ ഭേദമുള്ളൂ.

വിദ്യാമായയേ അവലംബിച്ചാലും ഇപ്പോഴത്തേപ്പോലെ തന്നെ പ്രവൎത്തിക്കണമെങ്കിൽ ആ അവസ്ഥയിൽ ശാന്തി എവിടെ? ശാന്തി ഉണ്ടു്, ഈ പ്രവൃത്തികളെല്ലാം ചെയ്ക തന്നെ വേണം. എന്നാൽ മറെറാരുദ്ദേശത്തിൽ അവ നടത്തുന്നു. ശീതകാലം ഒരു വസ്ത്രം മാത്രമുണ്ടു്. അവിദ്യാമായയ്ക്കു് വശഗനായി ഞാൻ ആ വസ്ത്രം കൊണ്ടു പുതയ്ക്കുവാൻ ഇച്ഛിക്കുന്നു. ഇതു മൂലം അന്യനുമായി കലഹിക്കുന്നു. വിദ്യാമായയിലും കലഹമുണ്ടു്. അന്യനോടു പറയും, നിങ്ങൾ എന്നേക്കാൾ ശീതാൎത്തനായിരിക്കുന്നു. ആകയാൽ ഈ വസ്ത്രം കൊണ്ടു നിങ്ങൾ ശീതനിവാരണം ചെയ്യുക! അവനും അപ്രകാരം തന്നെ പറയുന്നു. അപ്പോൾ കലഹമുണ്ടാകുന്നു. പുരാണങ്ങളിൽ ഇങ്ങിനെ പറഞ്ഞു കാണുന്നു. ശ്രീകൃഷ്ണഭഗവാനോടുകൂടി യുധിഷ്ഠിരമഹാരാജാവു് കലിയുഗത്തേ ബന്ധനമുക്തമാക്കുവാൻ പുറപ്പെട്ടു. വഴിയിൽ കണ്ടു, ഒരു ബ്രാഹ്മണനോടു് ഒരു കൎഷകൻ കലഹിക്കുന്നു. നിലം ഉഴുതപ്പോൾ നിധി കിട്ടി. ബ്രാഹ്മണൻ പറയുന്നു "നിങ്ങളുടെ ശ്രമത്താൽ കിട്ടിയതാണു്; നിങ്ങൾതന്നെയാണു് ഇതിനധികാരി" കൎഷകൻ പറയുന്നു, "എന്തൊരുയജമാനൻ, ഞാൻ ബ്രഹ്മസ്വം എടുക്കണമെന്നോ? നിങ്ങളുടെ വയലിലേ നിധി ഞാനെന്തിനെടുക്കുന്നു?" പിന്നീടു് യുധിഷ്ഠിരമഹാരാജാവു് കലിയേ ബന്ധനമുക്തനാക്കി മടങ്ങി വരുമ്പോൾ കലഹം നടന്നു വരുന്നതായി കണ്ടു. ഇപ്പോൾ വിപരീതഭാവത്തിലാണെന്നു മാത്രം. ബ്രാഹ്മണൻ പറയുന്നു "എൻെറ വയൽ, അതുകൊണ്ടു് എൻെറ നിധിയാണു്". കൎഷകൻ പറയുന്നു, "എൻെറ പരിശ്രമത്താൽ ലഭിച്ചതായതുകൊണ്ടു് ഇതിനു ഞാൻ തന്നെയാണു് അവകാശി". അവിദ്യയിലും വിദ്യയിലുംഉള്ള കലഹങ്ങൾക്കു് തമ്മിലുള്ള വ്യത്യാസം ഇപ്രകാരമാകുന്നു.

---

## ശ്രീശാണ്ഡില്യകൃതഭക്തിസൂത്രം.

ദ്വിതീയാഹ്നികം.

സൂത്രം ൩൩.

തദൈക്യം നാനാത്വൈകത്വമുപാധിയോഗഹാനാദാദിത്യവൽ.

അതു് ഒന്നുതന്നെ, എന്തെന്നാൽ ഉപാധിരഹിതമാകുമ്പോൾ നാനാത്വം സൂൎയ്യനേപ്പോലെ ഏകത്വം പ്രാപിക്കുന്നു,

വ്യാഖ്യാനം—ഛാന്ദോഗ്യശ്രുതിയിൽ (൩-൧൪-൧) "സർവ്വം ഖല്വിദംബ്രഹ്മ" ഇതെല്ലാം ബ്രഹ്മമയമെന്നും, കഠോപനിഷത്തിലും (൪-൧൧) ബൃഹദാരണ്യകത്തിലും (൪-൪-൧൯) "നേഹനാനാസ്തി കിഞ്ചന" ബ്രഹ്മമല്ലാതെ ജഗത്തിൽ മററു യാതൊന്നുമില്ല എന്നു പറയപ്പെട്ടിരിക്കുന്നു. എന്നാൽ—"ധ്യേയ:സദാസവിതൃമണ്ഡലമദ്ധ്യവർത്തീ" എന്ന വാക്യത്തിൽ ഈശ്വരൻെറ സ്വരൂപവും ആദിത്യമണ്ഡലവും വെവ്വേറേ തോന്നിയാലും മണ്ഡലരൂപമായ ഉപാധി നീക്കിയാൽ ഏകനായ ഭഗവാൻെറ ബോധം മാത്രമുണ്ടായിരിക്കും എന്നു പറയപ്പെട്ടിരിക്കുന്നു. അപ്രകാരം പ്രപഞ്ചത്തിൻെറ നാമരൂപമയമായ ഉപാധി ഈശ്വരസത്തയിൽ വിലയം പ്രാപിച്ചാൽ പ്രപഞ്ചം ഈശ്വരനിൽനിന്നു് എങ്ങിനെ വേറായിനിൽക്കും? ദർപ്പണം അപസാരിതമായാൽ കണ്ണാടിയിലുള്ള സൂര്യൻെറ പ്രതിച്ഛായ സൂര്യനിൽ ചേരുന്നതുപോലെ അനന്യഭക്തിയാൽ ജീവൻെറ ബുദ്ധിരൂപമായ ഉപാധി അപഗതമായാൽ ജീവാത്മാവും ബ്രഹ്മത്തോടു് അഭിന്നമായ ഭാവം പ്രാപിക്കും.

## സൂത്രം 94.

പൃഥഗിതിചേന്നപരേണാസംബന്ധാൽ പ്രകാശാനാം.

ജീവന്മാർ ബ്രഹ്മത്തിൽനിന്നു് വേറെന്നു പറഞ്ഞുകൂടാ—എന്തെന്നാൽ-സ്വയംപ്രകാശമുള്ള വസ്തുക്കൾക്കു് പ്രകാശ്യപ്രകാശകസംബന്ധമില്ല.

വ്യാഖ്യാനം—ആത്മസ്വരൂപമായ ജീവനും സ്വയംപ്രകാശനാകുന്നു. ഇതുകൊണ്ടു് ജീവനും ഈശ്വരനും തമ്മിൽ അവിദ്യാകൃതമായ ഭേദഭാവമല്ലാതെ സ്വരൂപത: യാതൊരു വ്യത്യാസവുമില്ല. "യസ്യഭാസാസർവ്വമിദം വിഭാതി" (കഠം ๖-൧๖) യാതൊരുവൻെറ പ്രഭയാൽ ഈ വിശ്വമെല്ലാം പ്രകാശിക്കുന്നു. ഈ ശ്രുതിവാക്യമനുസരിച്ചു് ബ്രഹ്മം തന്നിൽനിന്നു് അഭിന്നമായ ജീവജഗത്തുകൾക്കു് പ്രകാശകനാകുന്നു. സൂര്യമണ്ഡലവും നാരായണനും തമ്മിലുള്ള അഭിന്നമായ സംബന്ധം പോലെതന്നെയാണു് ജഗത്തിനും ഈശ്വരനും തമ്മിലുള്ള സംബന്ധമെന്നു് അറിയണം. ബൃഹദാരണ്യകത്തിൽ (൪-൩-൪) "അയം പുരുഷഃസ്വയം ജ്യോതിർഭവതി" ബ്രഹ്മം സ്വയംപ്രകാശകമെന്നു് പറയപ്പെടുന്നു. അതുകൊണ്ടു് അതിൻെറ ചൈതന്യപ്രകാശത്തിൽതന്നെയാണു് വിഷിന്നബുദ്ധികളായ ജീവാത്മാക്കളുടെ ഭിന്നതയെന്നു് അനുമാനിക്കപ്പെട്ടു. ജീവന്മാരിൽ കാണപ്പെടുന്ന ബദ്ധൻ, മുക്തൻ എന്ന ഭാവങ്ങളും അവിദ്യാജനിതമായ ബുദ്ധിയുടെ ഭിന്നതയാൽമാത്രമാകുന്നു. തന്മൂലം അജ്ഞാനദൃഷ്ടിയിൽ പൃഥഗ്ബുദ്ധി ഉണ്ടായാലും

ജീവജഗത്തുകൾക്കും ഈശ്വരനും തമ്മിൽ അഭിന്നമായ സംബന്ധം എന്നും ഉണ്ടെന്നു് ബോദ്ധ്യമാകുന്നു.

സൂത്രം 95.

നവികാരിണ്ണസ്തുകാരണവികാരാൽ *

വികാരമെന്നും പറയാൻപാടില്ല. അപ്രകാരമായാൽ മൂലകാരണത്തിലും വികാരാശങ്കഉണ്ടാകുന്നു.

വ്യാഖ്യാനം പ്രപഞ്ചം ഈശ്വരവികാരമെന്നു സ്വീകരിക്കുന്നതായാൽ നിർവ്വികാരനായ നാരായണനിലും വികാരദോഷം സ്പർശിക്കും. വസ്തുതയാ ബ്രഹ്മം വികാരരഹിതമാകുന്നു. ശ്രുതിയും പറയുന്നതു് അദ്ദേഹം, "നിത്യം ശുദ്ധം ബുദ്ധം മുക്തം സത്യം സൂക്ഷ്മം പരിപൂർണ്ണമദ്വയം സദാനന്ദചിന്മാത്രം" എന്നാകുന്നു. (നൃസിംഹോത്തരതാപിനി)

* പാഠാന്തരം

നവികാരിണ്ണസ്തുകരണവികാരാൽ.

ജീവന്മാരുടെ ആത്മാവു് അവികാരിയാകുന്നു. എന്തെന്നാൽ അന്തഃകരണത്തിൻെറ വികാരം കൊണ്ടാണു് സുഖദുഃഖാദികളുടെ അറിവുണ്ടാകുന്നതു്.

വ്യാഖ്യാനം—ആത്മാവു് നിത്യം നിർവ്വികാരം, പൂർണ്ണസ്വരൂപത്തിൽ വികാരങ്ങൾ സംഭവിക്കുകയില്ല. ആത്മചൈതന്യപ്രഭാവത്താൽ അന്തഃകരണം ചേതനയുള്ളതായി തോന്നുന്നു എന്നു മാത്രം. പഞ്ചേന്ദ്രിയങ്ങൾവഴി ഗ്രഹിക്കപ്പെടുന്ന ശബ്ദസ്പർശാദികൾ അന്തഃകരണത്തിൽ വികാരമുണ്ടാക്കിയിട്ടു് ബാഹ്യവിഷയങ്ങളേക്കുറിച്ചു് ജ്ഞാനമുണ്ടാക്കുന്നു. ഞാൻ സുഖി ഞാൻ ദുഃഖി ഇത്യാദി ജ്ഞാനവും ബുദ്ധിയുടെ ധർമ്മമാകുന്നു. സുഷുപ്തിയിൽ മനസ്സിൻെറ ലയത്തിൽനിന്നു് ഇതു് സ്പഷ്ടമാകുന്നു. അതുകൊണ്ടു് ബാഹ്യജ്ഞാനത്തിൽനിന്നു് സുഖദുഃഖാദികളുടെ ബോധമുണ്ടാകുന്നതു് അന്തഃകരണത്തിൻെറ വികാരമാകുന്നു. അന്തഃകരണത്തിൻെറയും ഇന്ദ്രിയാദികളുടെയും വികാരദോഷം വിശുദ്ധമായ ആത്മസത്തയേ സ്പർശിക്കുന്നതേയില്ല. ഭക്തിയുടെ സാധനയാൽ ചിത്തവൃത്തി ശുദ്ധമാകുമ്പോൾ ആത്മബോധവും അതോടുകൂടി ആത്മാവിൻെറ അവികാരിതയും നിശ്ചയമായും അനുഭവപ്പെടും—

സൂത്രം 96.

അനന്യഭക്ത്യാ തദ്ബുദ്ധിർബ്ബുദ്ധിലയാദത്യന്തം.

അനന്യമായ ഭക്തികൊണ്ടു് ഉണ്ടാകുന്ന ബുദ്ധിയുടെ അത്യന്തലയത്താൽ തന്മയിയായ ബുദ്ധി ഉണ്ടാകുന്നു.

വ്യാഖ്യാനം കീടം വേട്ടാളനാൽ ഗ്രഹിക്കപ്പെട്ടമ്പോൾ ആ കീടം വേട്ടാളനേസ്മരിച്ച് അല്പകാലത്തിനുള്ളിൽ സ്വന്തരൂപം വെടിഞ്ഞു് വേട്ടാളന്റെരൂപം സ്വീകരിക്കുന്നു. അപ്രകാരം, ഭ്രമരകീടംപോലെ ജീവൻ അനന്യമായ ഭക്തിയോടുകൂടി അദ്ദേഹത്തെ ആരാധിക്കുന്നതായാൽ സുഖദുഃഖങ്ങളില്ലാതെ പരമാനന്ദരൂപത്തേപ്രാപിക്കുന്നു. ദ്വൈതബുദ്ധി നീങ്ങിയാൽ അസുലഭമായ പ്രേമാനുഭവം ഉണ്ടാകുന്നു. പരാഭക്തിക്കും കൈവല്യമുക്തിക്കും കാരണം ഇതുതന്നെ. അനന്യഭക്തിയാൽ മാത്രമേ ഭഗവാനേ ലഭിക്കാൻ സാധിക്കയുള്ളൂ. "പുരുഷഃസഃപരഃപാർത്ഥ! ഭക്ത്യാ ലഭ്യസ്ത്വനന്യയാ" (ഗീത. ൮-൨൨)

സൂത്രം 97.

ആയുശ്ചിര മിതരേഷാം തു ഹാനിരനാസ്പദത്വാൽ-

ഭക്തന്മാരുടെ ആയുസ്സിനുള്ള കാരണം അദൃഷ്ടമായിരുന്നാലും ഭോഗാസ്പദമില്ലാത്തതിനാൽ സമസ്തസഞ്ചിതകർമ്മങ്ങളും തനിയേ വിനഷ്ടമായിത്തീരുന്നു.

വ്യാഖ്യാനം ശരീരേന്ദ്രിയമനസ്സുകളുടെയും ആത്മാവിന്റെയും സംയോഗമത്രേ ആയുസ്സ്. അതു് അദൃഷ്ടത്താൽ അനന്യഭക്തിയുടെ സ്ഥിതിയിലും ഇരിക്കുന്നു. എന്നാൽ കർമ്മക്ഷയമുണ്ടാകാതെ കേവലം ഭക്തികൊണ്ടുമാത്രം എങ്ങിനെ മുക്തിലഭിക്കുന്നു? ഈ സംശയത്തേ നിരാകരിക്കുന്നതിനായിട്ട് ശാണ്ഡില്യമഹർഷി പറയുന്നതു് ഭക്തന്മാരുടെ പരമായുസ്സ് സാധാരണമനുഷ്യരുടെ ആയുസ്സുപോലെ ആയാലും അവരേസംബന്ധിച്ചിടത്തോളം ഭഗവദ്വിരഹത്തോടുകൂടിയ ഓരോ നിമിഷവും നൂറുകോടി കല്പകാലമുള്ള നരകയാതനയ്ക്കു തുല്യമായും ഈശ്വരസ്മരണയ്ക്കുള്ള ഓരോ നിമിഷവും ലക്ഷം വത്സരം സ്വർഗ്ഗസുഖം അനുഭവിക്കുന്നതിനു തുല്യവുമാകുന്നു. ഈ വിയോഗസംയോഗങ്ങളുടെ സംഘർഷണത്തിൽ ഭക്തന്മാരുടെ ശുഭാശുഭങ്ങളായ സകലവിധ അദൃഷ്ടങ്ങളും ഭസ്മീഭൂതമായിത്തീരുന്നു. വിശിഷ്യ ഈശ്വരനിൽ കർമ്മഫലങ്ങളെ സമർപ്പിക്കുന്നതുകൊണ്ട് ഭക്തന്മാരുടെ കർമ്മം സുഖദുഃഖാനുഭവത്തിന് ആസ്പദമാകാതെ ബ്രഹ്മപദപ്രാപ്തിക്കുള്ള തടസ്സങ്ങളെ ഉന്മൂലനം ചെയ്യുന്നു. ഇതുകൊണ്ട് ഈശ്വരഭക്തനു് ജീവിച്ചിരിക്കുമ്പൊഴും ജീവന്മുക്തി ലഭിക്കുന്നു. ഈ ദേഹത്തിൽ ഇരുന്നുകൊണ്ട് അനന്യഭക്തിയോടുകൂടി ബുദ്ധിവൃത്തികളെ നിരോധിച്ച് അവൻ നിത്യമായ ഈശ്വരഭാവത്തിൽ തന്മയനായിട്ട് പരാഭക്തിയുടെ പരമാനന്ദത്തേ അനുഭവിക്കുന്നു. ഛാന്ദോഗ്യശ്രുതി പറയുന്നു "തസ്യ താവദേവചിരം യാവന്നവിമോക്ഷ്യേ / ഥസമ്പൽസ്യഇതി" (൬-൧൪-൨) എന്നുവരെ അവനു് മുക്തി ഉണ്ടാകുന്നില്ല, അന്നുവരെ അവന്റെ

അദൃഷ്ടത്താൽ ആയുസ്സു നിലനിൽക്കും. അനന്തരം അവനു വിദേഹമുക്തി ലഭിക്കും.

സൂത്രം 98.

സംസൃതിരേഷാ മഭക്തിഃസ്യാൽ നാജ്ഞാനാൽ കാരണാസിദ്ധേഃ

ജീവൻ അജ്ഞാനത്താൽ വീണ്ടും വീണ്ടും സംസാരത്തിൽ ഗമനാഗമനം ചെയ്യുന്നില്ല. ജീവനെ സംസാരപാശത്തിൽ ബന്ധിക്കുന്നതിനുള്ള മുഖ്യകാരണം അഭക്തിയത്രേ. എന്തെന്നാൽ അജ്ഞാനരൂപമായ കാരണത്തിന്നു് അസ്തിത്വം സിദ്ധമാകുന്നില്ല.

വ്യാഖ്യാനം ഈശ്വരന്റെ അസ്തിത്വത്തിൽ എല്ലാവൎക്കും ഏറെക്കുറേ ജ്ഞാനമുണ്ടു്. എന്നാൽ അജ്ഞാനമെന്ന ഒരു പ്രത്യേകപദാൎത്ഥം ഇല്ല. അതുകൊണ്ടു് സാക്ഷാത്തായിട്ടു് അതിനു കൎത്തൃത്വവുമില്ല. ഈശ്വരന്റെ അഘടിതഘടനാപടിയസിയായ മായയിൽത്തന്നെയാണു് ജീവൻ സംസാരബദ്ധനായിരിക്കുന്നതു്. അദ്ദേഹത്തെ ഭജിച്ചെങ്കിൽ മാത്രമേ ജീവൻ മുക്തിപ്രാപിക്കയുള്ളൂ. ഭക്തിയുണ്ടായില്ലെങ്കിൽ ജീവൻ വീണ്ടും വീണ്ടും സംസാരചക്രത്തിൽ ചുററുക തന്നെ ചെയ്യണം. ഭഗവാൻ പറയുന്നു—

"ദൈവീഹ്യേഷാഗുണമയീമമമായാദുരത്യയാ
മാമേവയേ പ്രപദ്യന്തേ മായാമേതാം തരന്തിതേ.

(ഗീത 7—14)

അനിവാൎയ്യവും ത്രിഗുണമയവുമായ എന്റെ മായയിൽ ജീവൻ ബദ്ധനായിരിക്കുന്നു. ഏതൊരുവൻ എന്നേത്തന്നെ ആശ്രയിക്കുന്നു, അവൻ മാത്രം ഈ മായയിൽ നിന്നു വിമുക്തനാകും.

സൂത്രം 99

ത്രീണ്യേഷാം നേത്രാണി ശബ്ദലിങ്ഗാക്ഷഭേദാദ്രുദ്രവൽ.

മഹാദേവൻ മൂന്നു നേത്രങ്ങളേപ്പോലെ ശബ്ദം, ലിങ്ഗം, അക്ഷി ഇവയാൽ ജീവൻ അറിവാൻ ശക്തനാകുന്നു.

വ്യാഖ്യാനം:—ഈ വിഷയം-ഈശ്വരതത്വം-അറിയുന്നതിനു് മനുഷ്യൻ ത്രിനേത്രനാകണം. ചില ശബ്ദപ്രമാണ (വേദംമുതലായ ആഗമ)ങ്ങളാലും ചില ലിങ്ഗ(അനുമാന)പ്രമാണങ്ങളാലും ചില അക്ഷി (ഇന്ദ്രിയഗോചരമായ ജ്ഞാനം-പ്രത്യക്ഷമായ) പ്രമാണത്താലും അറിയണം. *

* "അക്ഷി"ദിവ്യചക്ഷുസ്സെന്നുഗ്രഹിച്ചാൽ ശബ്ദം, അനുമാനം, ആന്തരജ്ഞാനം എന്നിവ മുഖേന യഥാക്രമം ശ്രവണമനന നിദിദ്ധ്യാസന (ധ്യാന) ങ്ങളായ ഉപായങ്ങളാൽ ജീവനു് ഈശ്വരസാക്ഷാൽക്കാരമുണ്ടാകുമെന്നു പറയാം. ശ്രുതിയിൽ "ആത്മാവാ അരേ ദ്രഷ്ടവ്യഃശ്രോതവ്യോ മന്തവ്യോ നിദിദ്ധ്യാസിതവ്യ (ബൃഹദാരണ്യകം ൨—൪—അ. 4—ബ്ര—൫) ആത്മദൎശനത്തിനായിട്ടു് ശ്രവണമനനധ്യാനങ്ങൾ അവശ്യാനുഷ്ഠേയങ്ങളാകുന്നു എന്നു പറയപ്പെട്ടിരിക്കുന്നു.

സൂത്രം 100

ആവിസ്തിരോഭാവാ: വികാരാ:സ്യു: ക്രിയാഫലസംയോഗാൽ.

ആവിർഭാവത്തേയും തിരോഭാവത്തേയും ക്രിയാഫലങ്ങളുടെ സംയോഗത്താൽ വികാരമെന്നു കാണുന്നു.

വ്യാഖ്യാനം:——നിർവികാരമായ പരബ്രഹ്മത്തിൽ വസ്തുതയാതൊരു വികാരവുമില്ല. എന്നാൽ സ്വന്തം മനസ്സിന്റെ ചപലങ്ങളായ ഭാവതരംഗങ്ങളുടെ ദൃഷ്ടിയിൽ ഉൽപത്തിവികാസോപസംഹാരരൂപങ്ങളായ ക്രിയകൾ തോന്നുന്നതുകൊണ്ടു് വികാരങ്ങളുടെ പ്രതീതി ഉണ്ടാകുന്നു. അന്ത:കരണശുദ്ധിക്കു ശേഷം——(രജസ്തമസ്സുകൾ നശിച്ചു്) ഈശ്വരസ്വരൂപത്തെക്കുറിച്ചുള്ള ജ്ഞാനം ഉദിച്ചാൽ സുനിർമ്മലമായ ഭക്തിയുണ്ടാകും. അപ്പോൾ ജീവൻ സ്വസ്വരൂപത്തിൽ–ആനന്ദസ്വരൂപത്തിൽ–വിരാജിക്കും. ഇതു് ഏകാന്തഭക്തിയാൽലഭിക്കുന്നു. അതുകൊണ്ടു് ഭക്തിയത്രേപ്രധാനം.

ശ്രീശാണ്ഡില്യകൃതഭക്തിസൂത്രം സമാപ്തം

# അദ്ധ്യായം ൰

PRESENTED BY:
SRI M. K. VASUDEVAN NAIR
...ECU
MALAYINKIL

## ശ്രീരാമാനുജന്റെജനനം.

(൧൱൰—ാംപേജിൽ നിന്നും തുടച്ച്)

മദിരാശിയിൽ നിന്നു് ൩൰ യോജനതെക്കുപടിഞ്ഞാറായി ശ്രീപെരുമ്പുത്തൂർ എന്നഐശ്വര്യപൂർണ്ണമായ ഒരുഗ്രാമമുണ്ടു്. സംസ്കൃതഭാഷയിൽ ഇതിനെ ശ്രീമഹാഭൂതപുരിയെന്നു പറയും. ഗ്രാമവാസികളിൽ അധികഭാഗവും ബ്രാഹ്മണരാണു്. രമണീയവും വിശാലവുമായ ഒരുവിഷ്ണുക്ഷേത്രം ഈഗ്രാമത്തിന്റെ മദ്ധ്യത്തിലുണ്ടു്. ക്ഷേത്രത്തിനുള്ളിലായിട്ടു് പെരുമാൾ എന്നനാമത്തോടുകൂടി ത്രൈലോക്യനാഥനായ വിഷ്ണു മന്ദഹാസവദനനായിട്ടു് സകലരോടും സമഭാവത്തിൽ കൃപാകടാക്ഷം ചെയ്തുകൊണ്ടു് വിരാജിക്കുന്നു. ക്ഷേത്രാങ്കണത്തിന്റെഒരുപാർശ്വത്തിൽ വേറൊരുദേവാലയം ശോഭിക്കുന്നു. ഇതിൽ യതിരാജനും, ഭക്തവീരനും, ഭക്തവത്സലനും, വേദാന്തകമലഭാസ്കരനും ആയഭാഷ്യകാരൻ ശ്രീമത് രാമാനുജാചാര്യർ കൂപ്പുകയ്യോടുകൂടി സേവകരാജന്റെ സ്ഥാനത്തിൽസ്ഥിതിചെയ്യുന്നു. പൂർവ്വഭാഗത്തു് നിർമ്മലസലിലയും നിസ്തരംഗയുമായ ഒരു വിശാലദീർഘിക പവിത്രമായ ഭക്തഹൃദയം

പോലെത്ത വൈകുണ്ഠതുല്യമായ സമസ്ത ദേവായതനത്തെയും ഉള്ളിൽധരിച്ച് ശോഭിക്കുന്നു. അത്രമാത്രമല്ല അവിടുത്തെ നൈസൎഗ്ഗികമായശോഭ സകലരുടെയും ഹൃദയത്തെആകൎഷിച്ചിരുന്നു. ആസ്ഥലമാകട്ടെ നാനാതരത്തിലുള്ള തരുലതാദികളാൽ അലംകൃതവും, വിഹഗങ്ങളുടെ മധുരനിസ്വനത്താൽ മുഖരിതവും ആയിരുന്നു. ഇടയ്ക്കിടയ്ക്കു് വികസിതങ്ങളായ കുസുമങ്ങളാൽ ശോഭായമാനവും സുരഭിലവുമായിട്ട് എപ്പോഴും ശാന്തി-മാധുൎയ്യ-സൌന്ദൎയ്യങ്ങളാലും അപ്രകാരം ഹൃഷ്ടപുഷ്ടമായ ജനസഞ്ചയത്താലും പരിപൂൎണ്ണമായിരുന്നു. വിശ്വരക്ഷയിൽ സദാവ്യാപൃതനായിരിക്കെ ഇടയ്ക്കിടയ്ക്കു് തൻെറ അതിപ്രിയനായ സേവകനോടുകൂടി വൈകുണ്ഠവാസിയായ ഭഗവാൻ വിശ്രമിക്കുന്നതിനായി അവിടെ ആഗമിച്ചിരിക്കുന്നു എന്നു തോന്നും.

ഏകദേശം ആയിരംവൎഷങ്ങൾക്കു മുമ്പു് ആസുരികേശവാചാൎയ്യൻഎന്നപേരുള്ള കൎമ്മനിഷ്ഠനായ ഒരുബ്രാഹ്മണശ്രേഷ്ഠൻ വസിച്ചിരുന്നു. ആകാലത്തു് ശ്രീമദ് യാമുനാചാൎയ്യർ- അഥവാ ആളവന്താർ രാജസിംഹാസനം ത്യജിച്ച് നമ്പിയുടെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ടു് ശ്രീരംഗക്ഷേത്രത്തിൽ അത്യാശ്രമിയായഭിക്ഷുവായി ഇരുന്നിരുന്നു. ഗുരുവിൻെറ വൈകുണ്ഠപ്രാപ്തിക്കുശേഷം ആളവന്താർ തന്നെ അക്കാലത്തുള്ള സകല വൈഷ്ണവസമ്പ്രദായികളുടേയും നേതാവായി സ്വീകരിക്കപ്പെട്ടു. അദ്ദേഹത്തിൻെറ അനന്യ സാധാരണമായ ത്യാഗം, പാണ്ഡിത്യം, വൈരാഗ്യം, ഇഷ്ടനിഷ്ഠ മുതലായവ വൈഷ്ണവന്മാൎക്കെല്ലാം അത്യന്തം അനുകരണീയമായിരുന്നു. അദ്ദേഹം രചിച്ചിട്ടുള്ള സുമധുരങ്ങളായ സ്തോത്രങ്ങളെ മുഖസ്ഥവും ഹൃദിസ്ഥവുമാക്കിയിട്ട് സജ്ജനങ്ങൾ സ്വയം ചരിതാൎത്ഥരായി യമുനാചാൎയ്യരാൽ രചിക്കപ്പെട്ട സ്തോത്രങ്ങൾ ഉൽക്കടമായ ഭക്തിയോടും പ്രീതിയോടും ഭഗവച്ചരണങ്ങളിൽ സരളമായരീതിയിൽ ആത്മസമൎപ്പണം ചെയ്തിരുന്നതിനാൽ അവയെ പാരായണം ചെയ്യുന്ന പാഷണ്ഡന്മാൎക്കുപോലും ഭക്തിയുടെ സഞ്ചാരം ഉണ്ടാകുമായിരുന്നു. ഭഗവൽഭക്തന്മാരായ വൈഷ്ണവന്മാർ നാനാദിക്കുകളിൽ നിന്നും കൂട്ടംകൂട്ടമായി വന്നു് അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ച് തങ്ങളെ പരമഭാഗ്യവാന്മാരെന്നു കരുതിവന്നു. ആ കൂട്ടത്തിൽ ഒന്നു രണ്ടാളുകൾ അദ്ദേഹത്തെപ്പോലെ സന്യാസം സ്വീകരിച്ച് അദ്ദേഹവുമായുള്ള നിത്യ സഹവാസത്തിലും സേവയിലും ദിവസങ്ങൾ നയിച്ചിട്ടു് എല്ലാവിധത്തിലും തങ്ങൾ കൃതാൎത്ഥരെന്നു് അറിഞ്ഞു് സന്തുഷ്ടരായി.

പെരിയ തിരുമലൈ നമ്പി-അഥവാ-വൃദ്ധനായശ്രീശൈലപൂൎണ്ണൻ യാമുനാചാൎയ്യരുടെ മുഖ്യ ശിഷ്യനായിരുന്നു. അദ്ദേഹംജീവിത

ത്തിൻെറ അവസാനകാലത്ത് ഗൃഹസ്ഥാശ്രമമുപേക്ഷിച്ച് പ്രസ്തുതമഹാപുരുഷൻെറ സന്നിധിയിൽ നിന്ന് സന്യാസം സ്വീകരിക്കുകയും അദ്ദേഹത്തിൻെറ സഹവാസത്തിൽ കാലയാപനംചെയ്കയും ചെയ്തു. അദ്ദേഹത്തിന് ഒന്നുരണ്ടു ഭഗിനികൾ ഉണ്ടായിരുന്നു. അവരിൽ ജ്യേഷ്ഠത്തിയുടെ നാമം ഭൂമിപേരാട്ടി, ഭൂദേവി അഥവാ കാന്തിമതി എന്നായിരുന്നു. അനുജത്തിയുടെ നാമം പെരിയ പേരാട്ടി, അഥവാ മഹാദേവി എന്നായിരുന്നു.

ശ്രീപെരുമ്പുത്തൂർ നിവാസിയായ ആസുരികേശവാചാര്യൻ കാന്തിമതിയെ പാണിഗ്രഹണം ചെയ്തു. കനിഷ്ഠയായ മഹാദേവി, സമീപത്തുള്ള ആഹരംഗ്രാമനിവാസിയായ കമൽനയനഭട്ടനുമായി ഉദ്വാഹശൃംഖലയാൽ ബന്ധിക്കപ്പെട്ടു. രണ്ടു ഭഗിനികളുടേയും വിവാഹകാര്യം നിർവ്വഹിക്കപ്പെട്ടപ്പോൾ ശ്രീശൈലപൂർണ്ണൻ നിശ്ചിന്തനായി ഭഗവൽധ്യാനത്തിൽ തല്പരനായി. അപ്രകാരം ഒടുവിൽ മഹാത്മാവായ യാമുനാചാര്യരെ സദ്ഗുരുവായി ലഭിച്ച് വാർദ്ധക്യകാലത്ത് അദ്ദേഹവുമായുള്ള സഹവാസത്താൽ പരമാനന്ദം അനുഭവിച്ചു.

ആസുരികേശവാചാര്യൻ ആശ്ചര്യപ്പെടത്തക്കവണ്ണം യജ്ഞനിഷ്ഠനായിരുന്നതുകൊണ്ട് പണ്ഡിതന്മാർ അദ്ദേഹത്തിന് സർവ്വക്രതുവെന്ന ഉപാധിദാനം ചെയ്തു. അദ്ദേഹത്തിൻെറ പൂർണ്ണമായ നാമധേയം "ശ്രീമദാസുരിസർവ്വക്രതുകേശവദീക്ഷിതൻ" എന്നായിരുന്നു. വിവാഹത്തിനു ശേഷംദമ്പതികൾ വളരെക്കാലം ശ്രീപെരുമ്പുത്തൂരിൽ സുഖമായി വസിച്ചുവന്നു. എന്നാൽ അവൎക്ക് സന്താനങ്ങളൊന്നുമില്ലാതിരുന്നതിനാൽ ഭക്തനായ കേശവാചാര്യൻ അല്പം വ്യാകുലനായി. ഒടുവിൽ യജ്ഞംകൊണ്ടു ശ്രീഭഗവാനെ പ്രീതിപ്പെടുത്തിയിട്ട് അദ്ദേഹത്തിൻെറ കൃപയാൽ സന്താനത്തെ ലഭിക്കാമെന്നുള്ള ആഗ്രഹം അദ്ദേഹത്തിൻെറ ഹൃദയത്തിൽ ജാഗരിതമായി.

യജ്ഞൈഏവപരോധൎമ്മോ—ഭഗവൽപ്രീതികാരക:
അഭീഷ്ടകാമധുക്ക് യജ്ഞസ്തസ്മാത് യജ്ഞ: പരാഗതി:-

ഇത്യാദി സന്താപച്ഛേദകങ്ങളായ ശാസ്ത്രവാക്യങ്ങളും ആ ആശയെബലവത്താക്കി. അദ്ദേഹം മഹോദധിതീരവാസിയും വൃന്ദാരണ്യനിവാസിയുമായ ശ്രീമൽപാൎത്ഥസാരഥിയുടെ സമീപത്തുചെന്ന് സ്വാന്തമനോഭാവത്തെ അറിയിച്ചിട്ട് ആ ഉദ്ദേശത്തിൽ യാഗം ചെയ്യുന്നതിനു സങ്കല്പിച്ചു. അതിൻപ്രകാരം അദ്ദേഹം ഭാൎയ്യാസമേതം വൃന്ദാരണ്യത്തിൽ ചെന്ന് ശ്രീപാൎത്ഥസാരഥിയുടെ

കുമുദസരോവരമായ തിരുവല്ലിക്കേണി(തിരു(ശ്രീ)അല്ലി(കുമുദം)കേണി, (സരോവരം) യുടെ തീരത്തിൽ പുത്രനേ ഉദ്ദേശിച്ച് യാഗം നടത്തി. ഇക്കാലത്തു് നാം ഏതൊരു സ്ഥാനത്തെ "ട്രിപ്ലിക്കേൻ" എന്നു് പറഞ്ഞുവരുന്നു അതു് ഈ തിരുവല്ലിക്കേണിയുടെ ഇംഗ്ലീഷ് അപശബ്ദം മാത്രമാകുന്നു. മുമ്പ് വൃന്ദാരണ്യമെന്ന പേരിൽ പ്രസിദ്ധമായിരുന്ന സ്ഥലം ഇപ്പോൾ ഈ സരോവരത്തിൻെറ നാമത്തിനൊത്തു് "ട്രിപ്ലിക്കേൻ" എന്നു പറഞ്ഞുവരുന്നു. മദ്രാസ് മദ്ദര, അഥവാമഥുരയുടെ അപഭ്രംശമാകുന്നു. ഇതു് വൃന്ദാരണ്യത്തിൻെറ "ട്രിപ്ലിക്കേൻെറ" ഉത്തരഭാഗത്തായിട്ടാകുന്നു.

യജ്ഞം സമാപ്തമായ ദിവസം രാത്രിയിൽ കേശവാചാൎയ്യൻ നിദ്രാവസ്ഥയിൽ ശ്രീമൽപാൎത്ഥസാരഥിയെ സ്വപ്നത്തിൽ ദൎശിച്ചു. സ്വപ്നത്തിൽ ഭഗവാൻ അദ്ദേഹത്തെ സംബോധന ചെയ്തു പറഞ്ഞു, "ഹേ സൎവ്വക്രതോ! ഞാൻ നിൻെറ സദാചാരം, നിഷ്ഠ, ഭക്തി, ഇവയാൽ അത്യന്തം പ്രീതനായിരിക്കുന്നു. നീ ലേശവും ഉദ്വിഗ്നനാകേണ്ട. ഞാൻതന്നെ നിൻെറ പുത്രനായി ജനിക്കാം. മനുഷ്യർ, ദുർബുദ്ധിനിമിത്തം പൂൎവ്വാചാൎയ്യന്മാരുടെയഥാൎത്ഥാഭിപ്രായം അറിവാൻ ശക്തിയില്ലാത്തതു നിമിത്തം തങ്ങൾതന്നെ ഈശ്വരനെന്നു വിചാരിക്കുന്നു. അപ്രകാരം അഹങ്കാരത്തിനു് വശപ്പെട്ടു ദുഷ്കൎമ്മനിരതന്മാരും കാമചാരികളുമായിത്തീൎന്നിരിക്കുന്നു. ആചാൎയ്യരൂപത്തിൽ ഞാൻ അവതരിക്കാതിരുന്നാൽ അവൎക്കു ഒരു ഗതിയുമില്ല. നീ ഭാൎയ്യയോടു കൂടി ഗൃഹത്തിലേക്കു തിരിച്ചുപോകുക! നിൻെറ ആഗ്രഹം ശീഘ്രം സാധിക്കും" ഇപ്രകാരം സുസ്വപ്നം കണ്ടതു നിമിത്തം കേശവാചാൎയ്യനു് സീമാതീതമായ ആനന്ദമുണ്ടായി. അദ്ദേഹം ഈ വൎത്തമാനം സഹധൎമ്മിണിയേ ധരിപ്പിച്ചു. പിറേറദിവസം പ്രഭാതത്തിൽ രണ്ടാളും സ്വഗ്രാമത്തിലേക്കു പുറപ്പെട്ടു.

ഈ സംഭവം കഴിഞ്ഞു് ഒരു വത്സരമായപ്പോൾഭാഗ്യവതിയായ കാന്തിമതി സൎവ്വലക്ഷണസമ്പന്നനായ ഒരു പുത്രരത്നത്തെ പ്രസവിച്ചു. കല്യബ്ദം ൪൧൧൮-നു ശരിയായ ശകാബ്ദം ൯൩൮-ൽ അഥവാക്രൈസ്താബ്ദം ൧൦൧൭-ൽ ആൎദ്രാനക്ഷത്രയുക്തമായ ചൈത്രമാസത്തിലെ ൧൨ ാം ദിവസത്തിൽ ശുക്ലപഞ്ചമിതിഥിയിൽ കൎക്കടലഗ്നത്തിൽ ബൃഹസ്പതി വാരത്തിൽ പിംഗലനാമ വത്സരത്തിൽ ഹാരീതഗോത്രീയനും യജുഃശാഖാദ്ധ്യായിയുമായഭഗവാൻ ശ്രീരാമാനുജാചാൎയ്യർതരുണഭാസ്കരതുല്യം അജ്ഞാനാന്ധകാരത്തേ വിദൂരിതമാക്കിയിട്ടു സൎവ്വലോകസമക്ഷം ഉദയംചെയ്തു. അദ്ദേഹത്തിൻെറ ജനനത്താൽ ദുർബുദ്ധി നശിച്ച് സദ്ബുദ്ധിക്കു വികാസം സംഭവിച്ചതായറിഞ്ഞു് പണ്ഡിതന്മാർ "ധീൎല്ലബ്ധാ" എന്ന വാക്യ

സംഖ്യയാൽ അദ്ദേഹത്തിന്റെ ജനനസമയത്തേ നിർണ്ണയിച്ചു. "അങ്കസ്യവാമാഗതി" എന്ന ന്യായമനുസരിച്ച് ഈ വാക്യസംഖ്യയിൽ ധ, ല, ധ, എന്നു മൂന്നു പ്രധാനാക്ഷരങ്ങളുണ്ട്. കാദിനവ, ടാദിനവ, യാദിനവ, ഇങ്ങിനെയുള്ള അക്ഷരമാലകൾ ഒന്നുമുതൽ ഒൻപതുവരെയുള്ള സംഖ്യയേക്കുറിക്കുന്നതാകുന്നു ടാദി ഒൻപതിൽ 'ധ'നവമസ്ഥാനീയമായതുകൊണ്ട് നവം എന്ന സംഖ്യ ഗ്രഹിക്കണം. അതുപോലെ യാദി ഒൻപതിൽ 'ല' തൃതീയസ്ഥാനീയമായതുകൊണ്ടു ൩ എന്ന സംഖ്യയും മനസ്സിലാക്കണം. അതുകൊണ്ടു ധ-ല-ധ ഈ അക്ഷരത്രയം ൯൩൯ ശകാബ്ദമെന്നു ബോദ്ധ്യമായി.

ആ കാലത്തു് ഇളയസഹോദരിയായമഹാദേവിയും ഒരു പുത്രനത്തേ പ്രസവിച്ചു.പ്രസവാനന്തരം കുറേദിവസങ്ങൾക്കുശേഷം അവർ നവജാതനായപുത്രനോടുകൂടിജ്യേഷ്ഠസോദരിയായകാന്തിമതിയുടെ പുത്രനേ കാണ്മാനായി ശ്രീപെരുമ്പൂത്തൂരിൽ ആഗമിച്ചു. സോദരികൾ രണ്ടുപേരും അന്യോന്യം പുത്രമുഖാവലോകനത്താൽ ഇതിൽപരമില്ലാതെ ആനന്ദിച്ചു.ഈസന്ദർഭത്തിൽ ഈ വർത്തമാനം കർണ്ണാകർണ്ണികയാകേട്ടു ശ്രീരംഗക്ഷേത്രത്തിൽനിന്നും ശ്രീശൈലപൂർണ്ണനും നവപ്രസൂതന്മാരായ ഭാഗിനേയന്മാരേ ദർശിക്കുന്നതിനായിട്ടു അവിടെ ആഗമിച്ചു.ചിരവിരഹിതനായ ഭ്രാതാവിനേകണ്ടിട്ടു കാന്തിമതിയും മഹാദേവിയും പരമനിർവൃതിപ്രാപിച്ചു. ശുഭലക്ഷണങ്ങളെല്ലാം തികഞ്ഞ ആ ശിശു ദ്വയത്തേകണ്ടു് വൃദ്ധസന്യാസിപോലും അത്യന്തം പ്രീതനായി. കാന്തിമതിയുടെ പുത്രന്റെ നാനാവിധമായ ദിവ്യലക്ഷണങ്ങൾ കണ്ടിട്ടു് അദ്ദേഹത്തിനു് ശ്രീപെരുമ്പൂത്തൂരിൽ ആദിശേഷൻ ആ സമയം അവതരിക്കുമെന്നു നമ്മാൾവാർ പറഞ്ഞിട്ടുള്ളതു സ്മരണയിൽവന്നു. ബൃഹൽ പത്മപുരാണത്തിന്റെ ൩൨-ാമദ്ധ്യായത്തിലും നാരദപുരാണത്തിലും സ്കന്ദപുരാണത്തിന്റെ ൨൩-ാമദ്ധ്യായത്തിലും അപ്രകാരം ശ്രീമൽ ഭാഗവതത്തിന്റെ ഏകാദശസ്കന്ധത്തിലും കലിയുഗത്തിൽ യാതൊരു അനന്തദേവന്റെ കഥ വർണ്ണിക്കപ്പെട്ടിരിക്കുന്നു ആ ലക്ഷ്മണാവതാരം ഈ ശിശുതന്നെയെന്നതിൽ അദ്ദേഹത്തിനു് പിന്നെ യാതൊരു സംശയവും ഉണ്ടായില്ല. അതനുസരിച്ച് അദ്ദേഹം ആ ശിശുവിനു് ശ്രീരാമാനുജൻ എന്നു് നാമകരണംചെയ്തു. മഹാദേവിയുടെ പുത്രനേ ഗോവിന്ദനെന്നും ആഖ്യാനംചെയ്തു. പിന്നെ വളരെക്കാലം കഴിഞ്ഞു മഹാദേവി ഒരു പുത്രനേക്കൂടി പ്രസവിച്ചു. അതിന്റെനാമം ബാലഗോവിന്ദൻ എന്നാകുന്നു.

ആദികവിയായ വാല്മീകിമഹർഷി എഴുതിയിരിക്കുന്നു,

സാർപ്പേജാതൌ തു സൌമിത്രീ
കുളീരേഭ്യുദിതേരവൌ.

ചൈത്രമാസത്തിലേ ആശ്ലേഷ നക്ഷത്രത്തിൽ രവി കർക്കടക രാശിയിലായപ്പോൾ ലക്ഷ്മണശത്രുഘ്നന്മാർ ജാതരായി. ശ്രീമത്‌രാമാനുജാചാര്യരുടെ ജന്മമാസവും രാശിയും സുമിത്രാസുതന്മാരോടു തുല്യമാണ്.

രണ്ടു ശിശുക്കളും ജനിച്ച് നാലുമാസമായപ്പോൾ അവരെ എടുത്തുകൊണ്ട് രണ്ട് അമ്മമാരും ഗൃഹത്തിൽനിന്നു പുറപ്പെട്ട് ആദിത്യനേ ദർശനംചെയ്യിച്ചു. പിന്നീട് യഥാകാലം ആ രണ്ടു ശിശുക്കളുടെയും അന്നപ്രാശനം, കർണ്ണവേധം, ചൌളം, വിദ്യാരംഭം, ഉപനയനം ഇവ നടത്തപ്പെട്ടു. ബാല്യകാലംമുതൽ രാമാനുജൻ അസാമാന്യമായ ബുദ്ധിശക്തി പ്രകടിപ്പിച്ചുവന്നു. ഗുരുക്കന്മാരുടെ മുഖത്തുനിന്ന് എന്തെങ്കിലും ഒരു പ്രാവശ്യം കേട്ടാൽ എത്ര ദുരൂഹമായ പാഠമായാൽപോലും അദ്ദേഹം നിഷ്പ്രയാസം അതിന്റെ അർത്ഥഗ്രഹണം ചെയ്തുവന്നു. ഇതുകൊണ്ട് സകലഗുരുക്കന്മാരുടെയും സവിശേഷമായ പ്രീതിയ്ക്കു് പാത്രമായി.

അദ്ദേഹത്തിന്റെ ബുദ്ധിശക്തി കേവലം ബഹിർമ്മുഖം മാത്രമായിരുന്നില്ല. ദിഗ്ദർശനയന്ത്രത്തിന്റെ സൂചിപോലെ ഇത് ഉത്തരദക്ഷിണങ്ങളായ ധർമ്മാർത്ഥങ്ങളെ രണ്ടിനേയും സമഭാഗമായികാണിച്ചിരുന്നു. ധർമ്മത്തിന്റെ അനുശീലനവും ധാർമ്മികസഹവാസവും അദ്ദേഹത്തിന് അത്യന്തം പ്രിയമായിരുന്നു. അവസരംകിട്ടുമ്പോഴെല്ലാം അദ്ദേഹംസാധുക്കളുമായി സംസർഗ്ഗം ചെയ്തുവന്നു.

ആ കാലത്തു് ശ്രീകാഞ്ചിപൂർണ്ണൻ എന്ന ഒരു പരമ ഭക്തൻ ഉണ്ടായിരുന്നു. ഇദ്ദേഹത്തെ കാഞ്ചീപുരത്തിലെ രത്നമെന്നുപറഞ്ഞുവന്നിരുന്നു. ഇദ്ദേഹം ദിവസന്തോറും കാഞ്ചിപുരത്തിൽനിന്നു ദേവപൂജയ്ക്കായിട്ട് പൂനാമേലി എന്ന ഗ്രാമത്തിൽ പോകാറുണ്ടായിരുന്നു. ശ്രീപെരുമ്പുത്തൂർ ഈ രണ്ടു സ്ഥാനങ്ങൾക്കും മദ്ധ്യത്തായിരുന്നതുകൊണ്ട് അദ്ദേഹം രാമാനുജന്റെ മന്ദിരപ്രാന്തത്തിലൂടെ പതിവായി പോയ്‌വരാറുണ്ടായിരുന്നു. ജാതിയിൽ ശൂദ്രനാണെങ്കിലും അദ്ദേഹത്തിന്റെ പ്രഗാഢമായ ഈശ്വരാനുരാഗം കണ്ടിട്ട് ബ്രാഹ്മണർപോലും അദ്ദേഹത്തോട് ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചു വന്നു ഒരു സായാഹ്നത്തിൽ രാമാനുജൻ അദ്ധ്യാപകഗൃഹത്തിൽനിന്നു് തിരിച്ചുവരുംവഴി ഈ ഭക്താഗ്രേസരനുമായി മാർഗ്ഗമദ്ധ്യേ സന്ധിക്കുന്നതിനിടയായി അദ്ദേഹത്തിന്റെ ദിവ്യമായ മുഖജ്യോതിസ്സുകണ്ടു് അദ്ദേഹത്തിന്റെനേർക്ക് സ്വയം ആകൃഷ്ടനായിട്ട് അവിടെ നിന്നു. അദ്ദേഹം അതിവിനീതഭാവത്തിൽ അദ്ദേഹത്തോടു അന്നത്തേ രാത്രി സ്വഗൃഹത്തിൽ വന്നു് ഭിക്ഷ സ്വീ

കരിക്കണമെന്നു് അപേക്ഷിച്ചു. ശ്രീകാഞ്ചിപൂർണ്ണനും ബാലകന്റെ ദിവ്യകാന്തിയും ഈശ്വരലക്ഷണങ്ങളും കണ്ടിട്ടു് ക്ഷണനത്തെ സ്വീകരിയ്ക്കാതിരപ്പാൻ ശക്തനായില്ല. പരമഭാഗവതനേ അതിഥിയായി ലഭിച്ചതിൽ രാമാനുജനു് അളവില്ലാത്ത ആനന്ദമുണ്ടായി. അദ്ദേഹത്തെ വേണ്ടവിധം ഭിക്ഷ സ്വീകരിപ്പിച്ചിട്ടു് അദ്ദേഹത്തിന്റെ പാദസംവാഹനം ചെയ്യാൻ ഉദ്യുക്തനായി. എന്നാൽ അതിഥി അതു സമ്മതിക്കാതെ ഇപ്രകാരം പറഞ്ഞു. "ഞാൻ നീചൻ, ശൂദ്രൻ. അവിടുന്നു ബ്രാഹ്മണൻ, വിശേഷിച്ചു പരമവൈഷ്ണവൻ. ഞാൻ എവിടെയും അവിടുത്തേ പാദശുശ്രൂഷ ചെയ്യണം. അങ്ങിനെയല്ലാതെ അവിടുന്നെന്തുകൊണ്ടു് ദാസന്റെ പാദസേവ ചെയ്യാനാഗ്രഹിക്കുന്നു?" ശ്രീരാമാനുജൻ അതിനാൽ ദുഃഖിതനായിട്ടു പറഞ്ഞു, "മനസ്സിലായി, എന്റെ അദൃഷ്ടത്താൽ അങ്ങേപ്പോലുള്ള മഹാപുരുഷന്മാരേ സേവിപ്പാൻ അധികാരമില്ല." മഹാത്മൻ! ഉപവീതം ധരിച്ചതുകൊണ്ടു ബ്രാഹ്മണനാകുമോ? യാതൊരുത്തൻ ഹരിഭക്തിനിരതൻ, അവനത്രേ യഥാർത്ഥ ബ്രാഹ്മണൻ. നോക്കണം തിരുപ്പാൻആഴ്വാർ ചണ്ഡാലനായിട്ടു കൂടി ബ്രാഹ്മണർപോലും പൂജ്യനായി.

ബാലകന്റെ ഈ വിധമുള്ള ഭക്തി കണ്ടിട്ടു് ശ്രീകാഞ്ചിപൂർണ്ണൻ അദ്ദേഹത്തെ കേവലം മനുഷ്യനെന്നു വിചാരിപ്പാൻ ശക്തനായില്ല. അദ്ദേഹം അന്യോന്യം പലവിധ കഥാലാപങ്ങൾക്കു ശേഷം രാത്രിയിൽ രാമാനുജന്റെ ഭവനത്തിൽ വിശ്രമിച്ചിട്ടു് പിറേറ ദിവസം പ്രഭാതത്തിൽ സ്വസ്ഥാനത്തേക്കു ഗമിച്ചു. അന്നു മുതൽ രണ്ടാളും പരസ്പരപ്രേമത്താൽ എന്നേക്കും ആബദ്ധരായിത്തീർന്നു. (തുടരും.)

---

## നമ്മുടെ താൽക്കാലികധനസ്ഥിതിയും ഹിന്ദുധർമ്മോദ്ധാരണവും.

(തുടർച്ച)

കഴിഞ്ഞ ലക്കത്തിൽ യൂറോപ്പിലെ പ്രധാനരാജ്യങ്ങളിൽ അഗ്രസ്ഥാനത്തു നില്ക്കുന്ന ജർമ്മനി എത്രവേഗത്തിൽ ഏതെല്ലാം മാർഗ്ഗം അനുവർത്തിച്ചു ധനസ്ഥിതിയിൽ ഉൽകൃഷ്ടസ്ഥാനം ലഭിച്ചുവെന്നു് സംക്ഷിപ്തമായി പറഞ്ഞിരുന്നല്ലൊ. ഇപ്പോൾ യൂറോപ്പിൽ ഒരു ചെറിയ രാജ്യം സുഗമമായ മാർഗ്ഗം അവലംബിച്ചു് ധനസ്ഥിതി വർദ്ധിപ്പിച്ചു് കൃഷിക്കാർക്കും മററും എത്രവേഗം ക്ഷേമം ന

ഠംകി എന്നു നമുക്കു ഗ്രഹിക്കാൻ ശ്രമിക്കാം. ഈ ചെറിയ രാജ്യം ജർമ്മനിക്കു വടക്കുവശം കിടക്കുന്ന ഡെൻമാർക്ക് ആണു്. ഈ രാജ്യത്തിന്റെ വിസ്തീർണ്ണം തിരുവിതാംകൂറിന്റെ വിസ്തീർണ്ണത്തിൽ ഇരട്ടിയുണ്ടു്. എങ്കിലും ജനസംഖ്യ നമ്മുടെ ജനസംഖ്യയിൽ മുക്കാൽഭാഗമേ ഉള്ളു. ഈ രാജ്യത്തിൽ വലിയ വ്യവസായത്തിനു് ഉള്ള സൌകര്യങ്ങൾ ഒന്നും ഇല്ല. ഭൂമിയും കൃഷിക്കു് അധികം നന്നല്ല. ആകെയുള്ള ഭൂമിയിൽ മുക്കാൽ ഭാഗമേ കൃഷിക്കും, കന്നുകാലിമേയ്ക്കുന്നതിനും ഉപയോഗിക്കുന്നുള്ളു. വ്യവസായങ്ങൾ അവർക്കു് അത്യാവശ്യമുള്ള പദാർത്ഥങ്ങൾ ഉണ്ടാക്കുന്നതിനു് മാത്രമേ ഉള്ളു. അന്യരാജ്യങ്ങളിലേക്കു്. വ്യവസായശാലകളിൽ നിർമ്മിതമായ സാമാനങ്ങൾ അയക്കുന്നേ ഇല്ല. എന്നാൽ ജനങ്ങളുടെ ഇടക്കു് വിദ്യാഭ്യാസത്തിനു് വളരെ പ്രചാരമുണ്ടു്. ഏകദേശം ൧൨൦ വർഷങ്ങൾക്കു മുമ്പുതന്നെ ഇവർ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കി. ഇവിടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ചെറുപ്പകാലത്തു ലഭിക്കാത്ത പ്രായം ചെന്നവരുടെ ഇടയിൽ കൂടി പ്രചരിപ്പിക്കുന്നതിനു് തക്ക ഒരു വ്യവസ്ഥയുണ്ടു്. പ്രായം ചെന്നവർക്കു ഹൈസ്ക്കൂൾ വിദ്യാഭ്യാസം നല്കുന്നതിനായി ൭൯ സ്പെഷ്യൽ വിദ്യാലയങ്ങളുണ്ടു്. ഇവയിൽ ൧൦,൦൦൦ പ്രായം ചെന്നവർ പഠിക്കുന്നുമുണ്ടു്. എന്നാൽ ഈ പള്ളിക്കൂടങ്ങൾ കൃഷിജോലി ഇല്ലാത്ത ൩-൪ മാസത്തേക്കു മാത്രമെ തുറന്നിരിക്കയുള്ളു.

ഈ രാജ്യത്തിന്റെ തലസ്ഥാനനഗരിയിൽ ഏററവും ഉൽകൃഷ്ടരീതിയിൽ നടത്തുന്ന ഒരു വലിയ സർവ്വകലാശാലയുണ്ടു്. ഇതിൽ ൪൦൦൦ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടു്. ഇവരിൽ ൭൦൦ പേർ കൃഷിശാസ്ത്രം അഭ്യസിക്കുന്നു. ഈ നാട്ടിൽ പ്രധാന വ്യവസായം തിരുവിതാംകൂറിലെപ്പോലെ കൃഷിതന്നെ. മുക്കാൽ ഭാഗം ഭൂമിയിൽ നേരുപകുതി ധാന്യങ്ങൾ കൃഷിചെയ്യുന്നതിനും ശേഷം പകുതി കന്നുകാലികളെ വളർത്തുന്നതിനു് ആവശ്യമുള്ള പുല്ലുകൾ കൃഷിചെയ്യുന്നതിനും ഉപയോഗിക്കുന്നു. ഇതിൽനിന്നു ഗോസംരക്ഷണത്തിനു് ഇവരുടെ ഇടയിൽ എത്ര പ്രാധാന്യം ഉണ്ടെന്നു് നമുക്കൂഹിക്കാം. ഗോസംരക്ഷണവും കോഴി, പന്നി മുതലായവ വളർത്തുന്നതും ആണു് കൃഷിക്കാരുടെ ധനാഭിവൃദ്ധിക്കുള്ള മാർഗ്ഗം. പാൽപശുക്കൾ ഉള്ളവർ കൂടിചേർന്നു ൧൦൦൦-ന് മേൽ പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തിട്ടുണ്ടു്. ഓരോ സംഘവും ഏററവും ഉൽകൃഷ്ടരീതിയിൽ ദുഗ്ദ്ധവ്യവസായശാലകൾ നടത്തുന്നു. ഈ ശാലകളിൽ ൪൦൦-മുതൽ ൨൦൦൦-വരെ പശുക്കളുടെ പാൽ ദിവസംതോറും വരുന്നുണ്ടു്. ഈ ശാലകളിൽ വരുന്ന പാലു് യന്ത്രംകൊണ്ടു ശുദ്ധീകരിച്ചു് അതിൽ നിന്നു വെണ്ണ ഉണ്ടാക്കി അന്യരാജ്യങ്ങളിലേക്കു് ഈ വെണ്ണ അയയ്ക്കുന്നു. ഇംഗ്ലണ്ടും, സ്കാട്ട്ലൻഡും,

ഐർലണ്ടും കൂടി ആണ്ടുതോറും ൧൮൦ ലക്ഷം പവൻ വിലയുള്ള വെണ്ണ ഇവരുടെ അടുക്കൽ നിന്നും വാങ്ങുന്നു. കോഴികളേയും ഉത്തമരീതിയിൽ രക്ഷിച്ച് പരസ്പരസഹായസംഘങ്ങൾ മൂലം മുട്ട ശേഖരിച്ച് അന്യരാജ്യങ്ങളിലേക്ക അയയ്ക്കുന്നു. ൫൦ ലക്ഷം പവൻ വിലയ്ക്കുള്ള മുട്ട ഇംഗ്ലണ്ടിലും സ്കാട്ടലൻഡിലും ആണ്ടുതോറും ഇവർ അയയ്ക്കുന്നു. പന്നികളെ നല്ല രീതിയിൽ ആഹാരം കൊടുത്തു വളർത്തി ശൂകരമാംസം പരസ്പരസഹായസംഘങ്ങളുടെ വക യന്ത്രശാലകളിൽ ശാസ്ത്രരീത്യാ പാകംചെയ്തു അയയ്ക്കുന്നു. ഈ ഇനത്തിലും ബ്രിട്ടൺ, ഐർലണ്ടു് ഈ ദേശങ്ങളിൽ നിന്നു് ഇവിടെ ആണ്ടുതോറും ൨൦൦ ലക്ഷം പവൻ ലഭിക്കുന്നു. ഈ കണക്കുകൾ യുദ്ധത്തിനു് മുമ്പുള്ളവയാണു്. ഇതിൽ നിന്നും കൃഷിയോടുചേർന്ന ഈ ചില്ലറ വ്യവസായങ്ങൾ കൊണ്ടും ഇവർ എത്ര ധനം സമ്പാദിക്കുന്നു എന്നു് നമുക്കു് പ്രത്യക്ഷമാകുന്നല്ലോ. പരസ്പരസഹായസംഘങ്ങൾ മൂലം ഇവർ ഇംഗ്ലണ്ടിലും മററും ധനികന്മാർ മാത്രം ഉപയോഗിക്കുന്ന യന്ത്രശാലകളെല്ലാം സാധാരണ കൃഷിക്കാൎക്കു കരസ്ഥമാക്കിട്ടുണ്ടു്. ഇവിടെ ഭൂമി എല്ലാം കൃഷിക്കാരുടെ വകയെന്നും ഉടമസ്ഥൻതന്നെ കൃഷിചെയ്യുന്നുവെന്നും കൂടി നാം ഓൎക്കണം. ഇവർ വളരെ സ്വാതന്ത്ര്യബുദ്ധിയോടുകൂടിയവരാണു്. ഇവൎക്കു് മുൻപറഞ്ഞതു കൂടാതെ പലമാതിരി പരസ്പരസഹായസംഘങ്ങൾ ഉണ്ടു്. കൃഷിക്കാൎക്കു് ആവശ്യം ഉള്ള ഉരം വളരെ ചുരുങ്ങിയ വിലയ്ക്കു ശേഖരിക്കുന്നതിനും കന്നുകാലിവളർത്തൽ നന്നാക്കുന്നതിനും പഴങ്ങൾ ശേഖരിച്ചു ശാസ്ത്രരീത്യാ പാകംചെയ്തു അന്യരാജ്യങ്ങളിൽ അയയ്ക്കുന്നതിനും മററും പരസ്പരസഹായസംഘങ്ങൾ ഉണ്ടു്. സാധാരണ ഒരു കൃഷിക്കാരൻ പലമാതിരി ജോലിയുള്ള പത്തു പരസ്പരസഹായസംഘങ്ങളിൽ അംഗമായിരിക്കും. വിദ്യാഭ്യാസം കൊണ്ടും സ്വാതന്ത്ര്യംകൂടാതെ യത്നിച്ചു് പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു് അവമൂലം വലിയ വ്യവസായങ്ങൾ നടത്തി വളരെ എളുപ്പത്തിൽ കൃഷിക്കാരുടെ നനസ്ഥിതി വർദ്ധിപ്പിക്കാം എന്നു ഇവരുടെ സമ്പ്രദായം നമ്മെ ധരിപ്പിക്കുന്നു.

(തുടരും)

---

# കർമ്മയോഗം.

---

## ഏഴാം അദ്ധ്യായം (തുടൎച്ച)

സർവ്വസംഗപരിത്യാഗത്തിനു രണ്ടു വഴികളുണ്ടു്. അതിൽ ഒന്നു് ഈശ്വരനിലൊ ബാഹ്യമായ വല്ല സഹായത്തിലൊ വിശ്വസിക്കാത്തവൎക്കുള്ളതാകുന്നു. അവൎക്കുള്ള ഉപായങ്ങൾ അവർ കല്പി

ച്ചുണ്ടാകുന്നു; "ഞാൻ അസംഗനായിരിക്കണം" എന്നു പറഞ്ഞുകൊണ്ടു് അവർ അവരുടെ ഇച്ഛാശക്തിയും മനഃശ്ശക്തികളും വിവേകവും ഉപയോഗിച്ചു് കർമ്മംചെയ്യുന്നു. ഈശ്വരനിൽ വിശ്വസിക്കുന്നവൎക്കു വേറെവഴിയുണ്ടു്. അതു ഇതിനെക്കാൾ വളരെ പ്രയാസം കുറഞ്ഞതുമാകുന്നു. അവർ അവരുടെ കർമ്മഫലങ്ങളെ ഈശ്വരനു സമർപ്പിക്കുന്നു; അവർ കർമ്മം ചെയ്യുന്നു എങ്കിലും ഒരിക്കലും ഫലസക്തന്മാരല്ല. അവർ കാണുന്നതും കേൾക്കുന്നതും ചെയ്യുന്നതും അനുഭവിക്കുന്നതും എല്ലാം ഈശ്വരാൎത്ഥമായിട്ടാകുന്നു. നാം എന്തു സൽക്കർമ്മം ചെയ്യുന്നതായാലും അതിനു് നന്മയോ പ്രശംസയോ നാം അവകാശപ്പെടാതിരിക്കുക. കർമ്മം ഈശ്വരന്റേതാകുന്നു; ഫലവും ഈശ്വരനു് അർപ്പിക്കുക. നാം അകന്നു നില്ക്കുക: നാം നമ്മുടെ പ്രഭുവായ ഈശ്വരനെ അനുസരിക്കുന്ന കിങ്കരന്മാർ മാത്രം, കർമ്മത്തിനുള്ള ഓരോ പ്രേരണയും ഓരോ നിമിഷത്തിലും ഈശ്വരങ്കൽ നിന്നുണ്ടാകുന്നു എന്നു വിചാരിക്കുകയും ചെയ്ക. നീ ആരാധിക്കുന്നതും നീ കാണുന്നതും നീ ചെയ്യുന്നതും എല്ലാം ഈശ്വരനു് അർപ്പിച്ചു് നീ ശാന്തനായിരിക്കുക. നമ്മുടെ ദേഹവും നമ്മുടെ മനസ്സും നമ്മുടെ സർവ്വസ്വവും ഈശ്വരന്റെ ശാശ്വത പൂജയ്ക്കായർപ്പിച്ചു് നാം സമാധാനപരന്മാരും സ്വസ്ഥചിത്തന്മാരുമായിരിക്കുക. അഗ്നിയിൽ ആഹുതി ഒഴിക്കുന്ന യജ്ഞത്തിന്നു പകരം അല്പമായ സ്വാർത്ഥത്തെ ഹോമിക്കുക എന്ന മഹായജ്ഞ അഹോരാത്രം നടത്തുക. "ഈ ലോകത്തിൽ ധനം അന്വേഷിച്ചു് നടന്നു് ഞാൻ അങ്ങയെ മാത്രം ധനമായി കണ്ടെത്തി. അങ്ങക്കു ബലിയായി എന്നെത്തന്നെ ഞാൻ അർപ്പിക്കുന്നു. സ്നേഹിക്കത്തക്ക ഒരാളെ അന്വേഷിച്ചു നടന്നു് അങ്ങയെ മാത്രം ഞാൻ പ്രേമപാത്രമായ്കണ്ടു. അങ്ങയ്ക്കു് ബലിയായി എന്നെത്തന്നെ ഞാൻ സമർപ്പിക്കുന്നു." ഇതു നമുക്കു് അഹോരാത്രം ഉരുവിടാം. "എനിക്കൊന്നുംവേണ്ട, നല്ലതോ ചീത്തയോ മദ്ധ്യസ്ഥമൊ എന്തായാലും വേണ്ടതില്ല; ഞാൻ അതൊന്നും വകവെക്കുന്നില്ല. സർവ്വവും അങ്ങെക്കു ബലിയായ് ഞാൻ സമർപ്പിക്കുന്നു". എന്നുപറകയും ചെയ്ക. അഹോരാത്രം നമുക്കു നമ്മുടെ മിഥ്യാസ്വാൎത്ഥത്തെ ത്യജിക്കുക; (ആഅഭ്യാസബലം നിമിത്തം) സ്വാൎത്ഥപരിത്യാഗം നമ്മുടെശീലമായി പരിണമിക്കട്ടെ, അതു നമ്മുടെ രക്തത്തിൽ കലൎന്നു ചേരട്ടെ, നമ്മുടെ സിരകളിലും മസ്തിഷ്കത്തിലും കടക്കട്ടെ; ദേഹംആസകലം സ്വാൎത്ഥപരിത്യാഗമെന്ന ഈ ഭാവത്തിന്നു ഏതു നിമിഷത്തിലും വശംവദമായി തീരട്ടെ. അതിനുശേഷം പീരങ്കിയുടെ ഗർജ്ജനവും രണത്തിന്റെ തുമുലധ്വനിയും നിറഞ്ഞ പോർക്കളത്തിൻ നടുവിൽ ചെന്നുകൊൾവിൻ. അവിടെയും നിങ്ങൾ സ്വതന്ത്രന്മാരും ശാന്തമനസ്കന്മാരും ആയിരിക്കുമെന്നു് നിങ്ങൾക്കു അനുഭവമാകും.

ബാദ്ധ്യതയെപ്പററി സാധാരണമായുള്ള മറെറാരുഭാവം കുറെ താണപടിയിലുള്ളതാകുന്നു എന്നാണ് കർമ്മയോഗം ഉപദേശിക്കുന്നതു്; എന്നിരിക്കിലും നാമെല്ലാവരും നമ്മുടെ ബാദ്ധ്യതകളെ നിറവേററേണ്ടതുമാകുന്നു. ഈ ബാദ്ധ്യതാബുദ്ധി പലപ്പോഴും വലിയ ദുഃഖകാരണമാകുന്നു എന്നു നമുക്കു കാണാവുന്നതാണ്. ബാദ്ധ്യത നമുക്കു് ഒരു രോഗം പോലെയായിത്തീരുന്നു. അതു നമ്മെ പിന്നെയും പിന്നെയും മുമ്പോട്ടു വലിച്ചുകൊണ്ടു പോകുന്നു. അതു നമ്മെ പിടികൂടി നമ്മുടെജീവിതംദുഃഖമയമാക്കുന്നു. അതുമനുഷ്യജീവിതത്തിലെ നരകമാകുന്നു. മനുഷ്യ ലോകത്തിന്റെ അന്തരാത്മാവിനെ ചുട്ടെരിക്കുന്ന നടുവേനലിലെ നട്ടുച്ചസൂര്യൻ ഈ ബാദ്ധ്യതാബുദ്ധിയാകുന്നു. ബാദ്ധ്യതയ്ക്കു് അടിമകളായിട്ടുള്ള പാവങ്ങളെ നോക്കുക! ഓരോ കർത്തവ്യകർമ്മങ്ങൾ നിമിത്തം അവർക്കു് ഈശ്വരപ്രാർത്ഥന ചെയ്വാൻ സമയമില്ല, കളിപ്പാൻ സമയമില്ല, എപ്പോഴും അവർക്കു കർത്തവ്യകർമ്മങ്ങളുണ്ടു്. അവർ പുറത്തു പോകുന്നു, പ്രവൃത്തിഎടുക്കുന്നു; അതു് അവരുടെ ബാദ്ധ്യത. അവർ ഗൃഹത്തിലേക്കു് മടങ്ങി വരുന്നു; പിറെറന്നേക്കുള്ള കർത്തവ്യങ്ങളെപ്പററി ആലോചിക്കുന്നു അതും അവരുടെ ബാദ്ധ്യത, സർവ്വനേരവും ബാദ്ധ്യതാബുദ്ധി തന്നെ. ഇതു ദാസ്യജീവിതം ജീവിക്കയാകുന്നു; ഒടുവിൽ ഒരു വണ്ടിക്കുതിരയെപ്പോലെ പ്രവൃത്തി എടുത്തുകൊണ്ടേ തെരുവിൽ വീണു മരിക്കയും ചെയ്യുന്നു. ഇതാകുന്നു ബാദ്ധ്യതയേപ്പററി ജനങ്ങൾക്കുള്ള ധാരണ. എന്നാൽ വാസ്തവത്തിൽ നമുക്കുള്ള ഏക ബാദ്ധ്യത നിസ്സംഗന്മാരായിരുന്നു സ്വതന്ത്രന്മാരുടെ നിലയിൽ കർമ്മം ചെയ്യുന്നതാകുന്നു; സർവ കർമ്മങ്ങളേയും ഈശ്വരന്നു് അർപ്പിക്കുക ആകുന്നു. നമ്മുടെ ബാദ്ധ്യതകൾ എല്ലാം ഈശ്വരന്റേതാകുന്നു. നമ്മെ ഇങ്ങോട്ടു കല്പിച്ചയച്ചിരിക്കുന്നതുകൊണ്ടു നാം ധന്യന്മാർ. നിശ്ചിതകാലം നാം പ്രവൃത്തി എടുക്കുന്നു. നാം ചെയ്യുന്നതു നന്നാകുന്നുവോ ചീത്തയാകുന്നുവോ ആർക്കറിയാം? നന്നാകുന്നു എങ്കിൽ അതിന്റെ ഫലം നമുക്കില്ലാ. ചീത്തയാകുന്നു എങ്കിൽ അതിന്റെ ഉൽക്കണ്ഠയും വേണ്ടാ. അതിനാൽ സമാധാനപ്പെടുക. സ്വതന്ത്രരായിരിക്ക: കർമ്മം ചെയ്ക. ഈ വിധമായ സ്വാതന്ത്ര്യം സമ്പാദിപ്പാൻ വളരെ പ്രയാസമാണ്. അടിമത്വത്തെ ബാദ്ധ്യതയെന്നുവ്യാഖ്യാനംചെയ്വാൻ എത്രയോ എളുപ്പം. മാംസപിണ്ഡത്തിനു മാംസപിണ്ഡത്തോടുള്ള ദുരാസക്തിയെ കർത്തവ്യം എന്നു വ്യാഖ്യാനിപ്പാൻ എത്രയും എളുപ്പം. മനുഷ്യർ ധനത്തിലും മററു വസ്തുക്കളിലും സക്തന്മാരാകുന്നു. അതു സമ്പാദിപ്പാൻ വേണ്ടി കച്ചകെട്ടി ലോകത്തിൽ ഇറങ്ങി കഷ്ടപ്പെടുന്നു, യുദ്ധം ചെയ്യുന്നു. അവർ അങ്ങിനെ ചെയ്യുന്നതു എന്തിനെന്നു അവരോടു ചോദിക്കുക. അതു കർത്തവ്യമാകുന്നു, ബാദ്ധ്യതയാകുന്നു എന്നു അവർസമാധാനം പറയും. അതുകർത്തവ്യമല്ല, ശുദ്ധമൈ

ബുദ്ധിശൂന്യമായലോഭം, ധനതൃഷ്ണ, അതിനെപുഷ്പങ്ങൾകൊണ്ടെ ന്നപോലെ ഭംഗിവാക്കുകൾ കൊണ്ടു മൂടുവാൻ അവർ യത്നിക്കുന്നു.

ആകക്കൂടി കത്തവ്യം എന്നാൽ എന്താകുന്നു? അതു ഇന്ദ്രിയങ്ങളുടെ പ്രേരണ, ആസക്തിയുടെ കല്പന; മറെറാന്നുമല്ല; ഒരു സക്തി ബലമായി കഴിഞ്ഞാൽ അതിനെ നാം കത്തവ്യമെന്നു പറയുന്നു. ഒരുദാഹരണം കാണിക്കാം. വിവാഹം എന്ന ഏപ്പാടു് ഇല്ലാത്ത രാജ്യങ്ങളിൽ ഭാൎയ്യാഭത്താക്കന്മാക്കു് അന്യോന്യബാദ്ധ്യതകൾ ഒന്നുമില്ല. വിവാഹം ഏപ്പെട്ടുമ്പോൾ ഭത്താവും ഭാൎയ്യയും അന്യോന്യാസക്തിനിമിത്തം ഒന്നിച്ചുപാക്കുന്നു; ഈ സഹവാസം ഏതാനും തലമുറകൾ കഴിയുമ്പോഴേക്കു സ്ഥിരസ്വഭാവമാകുന്നു. അങ്ങിനെ സ്ഥിരമാകുമ്പോൾ അതു കത്തവ്യമായും തീരുന്നു. അതിനെ ഒരു ദീർഘസ്ഥായിയായ രോഗം എന്നു പറയാം. അതു് തീവ്രമായിരിക്കുമ്പോൾ അതിനെ വ്യാധി എന്നും സ്ഥിരമാകുമ്പോൾ അതിനെ സ്വഭാവം എന്നും പറയുന്നു. അതൊരു രോഗം തന്നെ. ഇങ്ങിനെ ആസക്തി മാറാവ്യാധിയാകുമ്പോൾ അതിനു നാം ധമ്മം എന്നും കത്തവ്യം എന്നും കേളികേട്ട പേർ കൊടുക്കുന്നു. അതിന്മേൽ പുഷ്പങ്ങൾ വിതറുന്നു, കാഹളം മുഴക്കുന്നു; അതിനേച്ചൊല്ലി മന്ത്രോച്ചാരണം ചെയ്യുന്നു; അതു കഴിഞ്ഞു് ഈ ബാദ്ധ്യതയുടെ പേർ പറഞ്ഞു ലോകം മുഴുവനും യുദ്ധം ചെയ്യാനും അന്യോന്യം തട്ടിപ്പറിപ്പാനും ഗൌരവമായി പ്രയത്നിക്കുന്നു. മൃഗീയതയെ നിയന്ത്രിക്കുന്നിടത്തോളം കത്തവ്യബുദ്ധി നല്ലതു തന്നെ. മറെറാരു ലക്ഷ്യവും ഉണ്ടാക്കാൻ കഴിവില്ലാതെ താണപടിയിൽ നിൽക്കുന്ന മനുഷ്യക്കു് അതു കുറെ നന്മ ചെയ്യും. എന്നാൽ കമ്മയോഗികളായിരിപ്പാൻ ആഗ്രഹിക്കുന്നവർ ഈ ബാദ്ധ്യതാബുദ്ധിയെ പരിത്യജിക്കണം. നിങ്ങൾക്കും എനിക്കും ബാദ്ധ്യതയില്ല. ലോകത്തിനു ദാനം ചെയ്യാൻ നിങ്ങളുടെ വശം വല്ലതുമുണ്ടെങ്കിൽ എല്ലാവിധവും അതു ദാനം ചെയ്തുകൊൾവിൻ. എന്നാൽ അതു് ഒരു ബാദ്ധ്യതയുടെ നിലയിൽ വേണ്ട. അതിനേപ്പററി വിചാരമേ വേണ്ട. നിർബ്ബന്ധിതരാകേണ്ട. നിങ്ങൾ നിർബ്ബന്ധിതരാകേണ്ട കാൎയ്യമെന്തു്? നിർബ്ബന്ധത്തിന്മേൽ ചെയ്യുന്ന കർമ്മം ഏതൊന്നും സക്തിയെ വദ്ധിപ്പിക്കുന്നു. നിങ്ങൾക്കു ബാദ്ധ്യത ഉണ്ടാകുന്നതെന്തിനു്? സർവവും ഈശ്വരങ്കൽ അപ്പിക്കുക. ബാദ്ധ്യതാബുദ്ധിയാകുന്ന വഹ്നി സർവ ജനങ്ങളെയും ചുട്ടുപൊരിക്കുന്ന ഈ ഭയങ്കരാഗ്നികടാഹത്തിൽ നിങ്ങൾ ഈ പീയൂഷം പാനം ചെയ്തു് സുഖികളായിരുപ്പിൻ. നാം ഏവരും ഈശ്വരേച്ഛയെ നടത്തുന്നതെയുള്ളു; നമുക്കു സമ്മാനത്തോടൊ ശിക്ഷയോടൊ ബന്ധമില്ല. സമ്മാനം ആവശ്യപ്പെട്ടുന്നു എങ്കിൽ നിങ്ങൾ ശിക്ഷയും അനുഭവിക്കണം. ശിക്ഷയിൽ നിന്നു ഒഴിവാനുള്ള ഏകമാൎഗ്ഗം സമ്മാ

നത്യാഗമാകുന്നു. ദുഃഖനിവൃത്തിക്കുള്ള ഏക മാർഗ്ഗം സുഖത്യാഗമാകുന്നു. എന്തുകൊണ്ടെന്നാൽ അവ രണ്ടും അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഒരു വശം സൌഖ്യം, മറുവശം ദുഃഖം. ഒരു വശം ജീവിതം, മറുവശം മൃത്യു. മൃത്യുവിനെ അതിലംഘിക്കാനുള്ള ഏക മാർഗ്ഗം ജീവിതാശാപരിത്യാഗമാകുന്നു. ജീവിതവും മൃത്യുവും ഭിന്നസ്ഥാനങ്ങളിൽ നിന്നു നോക്കിക്കാണുന്ന ഒരേ വസ്തുവാകുന്നു. ദുഃഖമില്ലാതെ സുഖമെന്നോ മൃത്യുവില്ലാതെ ജീവിതമെന്നോ ഉള്ള ഭാവന ബാലന്മാർക്കു വളരെ പററിയതാകുന്നു. എന്നാൽ ആലോചിച്ചുനോക്കുന്നവർ അതെല്ലാം പരസ്പരവിരുദ്ധമെന്നു കണ്ടു് രണ്ടിനെയും ത്യജിക്കുന്നു. നിങ്ങൾ ചെയ്യുന്ന യാതൊരു കർമ്മത്തിനും പ്രശംസയൊ സമ്മാനമൊ പ്രതീക്ഷിക്കരുതു്. നാം ഒരു സൽകർമ്മം ചെയ്തുകഴിയുമ്പോഴേക്കു് അതിനു ബഹുമതി ലഭിക്കേണമെന്നു് നാം ആഗ്രഹിച്ചുതുടങ്ങുന്നു. ഒരു ധർമ്മകാര്യത്തിനു ധനം കൊടുക്കുമ്പോഴേക്കു് നമ്മുടെ പേർ വർത്തമാനപ്പത്രങ്ങളിൽ തിളങ്ങിക്കാണ്മാൻ നാം ആഗ്രഹിക്കുന്നു. അപ്രകാരമുള്ള ആഗ്രഹങ്ങളുടെ ഫലമായി ദുഃഖം വരിക തന്നെ ചെയ്യും. ലോകത്തിലുണ്ടായിട്ടുള്ള മഹത്തമന്മാർ അജ്ഞാതരായി കഴിഞ്ഞുപോയിരിക്കുന്നു. അവരോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ നമ്മുടെ അറിവിൽ പെട്ടിട്ടുള്ള ബുദ്ധന്മാരും ക്രിസ്തുക്കളും രണ്ടാംകിടയിൽ മാത്രമുള്ള വീരപുരുഷന്മാരാകുന്നു. അറിവിൽ പെടാതെയുള്ള വീരപുരുഷന്മാർ ആയിരിക്കണമെങ്കിൽ ഏതു രാജ്യത്തിലും ജീവിച്ചിരുന്നു് നിശ്ശബ്ദമായി കർമ്മങ്ങൾ ചെയ്തിട്ടുണ്ടു്. അവർ നിശ്ശബ്ദമായി ജീവിക്കുന്നു, നിശ്ശബ്ദമായി അന്തരിക്കുന്നു, എന്നാൽ കാലം ചെയ്യുമ്പോൾ അവരുടെ ആശയങ്ങൾ ബുദ്ധന്മാരിലും ക്രിസ്തുക്കളിലും പ്രകാശിക്കുന്നു, ഇവർ നമുക്കു് അറിവാകയും ചെയ്യുന്നു. അത്യുച്ചപദം പ്രാപിച്ചിട്ടുള്ള മനുഷ്യർ അവരുടെ ജ്ഞാനഫലമായി അവർക്കു പേരോ പുകഴോ ലഭിക്കണമെന്നാഗ്രഹിക്കുന്നില്ല. അവർ ആശയങ്ങളെ ലോകത്തിനു ദാനം ചെയ്യുന്നു. അതുകൾ തങ്ങളുടേതാണെന്നുള്ള അവകാശവാദം അവർക്കില്ല, സ്വന്തം പേരിൽ ഒരു മതമോ ഒരു ശാഖയോ അവർ സ്ഥാപിക്കുന്നതുമില്ല. അങ്ങിനെയുള്ള കർമ്മത്തിൽ നിന്നു് അവരുടെ പ്രകൃതി മുഴുവൻ സങ്കോചിച്ചു് പിൻ മാറുന്നു. അവർ ശുദ്ധസാത്വികന്മാരാകുന്നു; ഒരനക്കവും ഉണ്ടാക്കുവാൻ അവർക്കു കഴിവില്ല; അവർ പ്രേമത്താൽ അലിഞ്ഞുപോകമാത്രം ചെയ്യുന്നു. അങ്ങിനെ ഒരു യോഗിയെ ഞാൻ കണ്ടിട്ടുണ്ടു് അദ്ദേഹം ഇൻഡ്യയിൽ ഒരു ഗുഹയിൽ വസിക്കുന്നു. ഞാൻകണ്ടിട്ടുള്ള അത്യാശ്ചര്യതമന്മാരിൽ ഒരാളാകുന്നു അദ്ദേഹം. അദ്ദേഹത്തിൽ മനുഷ്യത്വം എന്ന പാപം തീരെ നശിച്ചു് സർവ്വവ്യാപകമായ ദിവ്യത്വം മാത്രം അവശേഷിച്ചിരിക്കുന്നു എന്നു പറയത്തക്കവിധം അദ്ദേഹത്തിൻെറ

വ്യക്തിഭാവം അത്ര നിശ്ശേഷം തിരോഹിതമായിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു കയ്യിൽ ഒരു ജന്തു കടിക്കുന്ന പക്ഷം അതിന് തന്റെ മറേറക്കൈക്കൊണ്ട് കൊടുപ്പാനും അത് ഈശ്വരേച്ഛ എന്നു പറവാനും അദ്ദേഹം സന്നദ്ധനാകുന്നു; അദ്ദേഹത്തിന്ന് സംഭവിക്കുന്നതെല്ലാം ഈശ്വരങ്കൽ നിന്നാകുന്നു. അദ്ദേഹം ജനസമക്ഷം പ്രത്യക്ഷനാകുന്നില്ല എങ്കിലും അദ്ദേഹം പ്രേമത്തിന്റേയും സത്യമധുരാശയങ്ങളുടേയും ഒരു ശക്തിക്കൂടവുമാകുന്നു

ഇവരെ തുടൎന്ന് പിന്നെ വരുന്നത് കുറെക്കൂടെ രജോഗുണമുള്ളവരാകുന്നു. അവൎക്ക് കർമ്മം ചെയ്വാൻ ഉത്സാഹവും എതുപ്പാൻ ശീലവും ഉണ്ട്. അവരാകുന്നു സിദ്ധപുരുഷന്മാരുടെ ആശയങ്ങളെ ലോകത്തിൽ പ്രചരിപ്പിക്കുന്നത്. സിദ്ധന്മാർ, മനുഷ്യരിൽ ഉൽകൃഷ്ടതമന്മാർ, നിശ്ശബ്ദമായിരുന്ന് തത്വങ്ങളേയും വിശിഷ്ടാശയങ്ങളേയും സംഭരിക്കുന്നതേയുള്ളൂ. അവയെ പ്രചരിപ്പിച്ച് ദേശംതോറും നടന്ന് പ്രവൃത്തി എടുക്കുന്നത് മററുള്ളവർ—ബുദ്ധന്മാരും ക്രിസ്തുക്കളും ആകുന്നു. ഞാൻ ഇരുപത്തിഅഞ്ചാമത്തെ ബുദ്ധനാകുന്നു എന്നു ഗൌതമബുദ്ധദേവൻ കൂടക്കൂടെ പറയുന്നതായിട്ട് അദ്ദേഹത്തിന്റെ ചരിത്രത്തിൽ നാം കാണുന്നു. അദ്ദേഹത്തിന്നു മുമ്പുണ്ടായിരുന്ന ഇരുപത്തിനാലു ബുദ്ധന്മാരും ചരിത്രത്തിന്നു അജ്ഞാതന്മാരാകുന്നു. എങ്കിലും അവരിട്ടവെച്ച അസ്ഥിവാരത്തിന്മേലായിരിക്കണം ചരിത്രജ്ഞാതനായ ബുദ്ധൻ കെട്ടിപ്പടുത്തത് എന്ന് നിസ്സംശയമാകുന്നു. ഉൽകൃഷ്ടതമന്മാർ ശാന്തന്മാരും മൌനികളും അജ്ഞാതരുമാകുന്നു. അവരാകുന്നു വിചാരത്തിന്റെ ശക്തി യഥാർത്ഥമായറിയുന്നവർ: അവർ ഒരു ഗുഹയിൽ ചെന്ന് വാതിലടച്ചിരുന്ന് നാലഞ്ചു തത്വങ്ങൾ വിചാരിക്കമാത്രം ചെയ്തു മരിച്ചുപോയാലും അവരുടെ ആ തത്വവിചാരങ്ങൾ അനശ്വരങ്ങളായ് വൎത്തിക്കുമെന്നു അവൎക്കുറപ്പുണ്ട്. ആവിധം വിചാരങ്ങൾ പൎവ്വതങ്ങളെ ഭേദിച്ചുകടന്ന് സമുദ്രങ്ങളെ തരണം ചെയ്ത് ലോകത്തിൽ സഞ്ചരിക്കും. അവ മനുഷ്യഹൃദയത്തിലും ബുദ്ധിയിലും ഗാഢമായ് പ്രവേശിച്ച് ജീവിതവ്യവഹാരങ്ങളിൽ അവയെ പ്രായോഗികമായ് പ്രത്യക്ഷീകരിക്കുന്ന പുരുഷന്മാരെയും സ്ത്രീകളേയും ആവിർഭവിപ്പിക്കയും ചെയ്യും. ഈ സാത്വികന്മാർക്ക് കർമ്മപരന്മാരായിരുന്ന് യുദ്ധം ചെയ്വാനും, പ്രവൃത്തി എടുപ്പാനും ക്ലേശിപ്പാനും പ്രസംഗിപ്പാനും, ലോകത്തിന്നു "നന്മചെയ്വാനും" കഴിയാത്തവിധം അവർ ഈശ്വരനോട് അത്ര സമീപിച്ചിരിക്കുന്നവരാകുന്നു. കർമ്മപരന്മാർ എത്രതന്നെ നല്ലവരായിരുന്നാലും അവരിൽ അജ്ഞാനലേശം അവശേഷിച്ചിരുപ്പുണ്ട്. സ്വഭാവത്തിൽ അല്പം ചില മാലിന്യങ്ങൾ കിടപ്പുള്ളപ്പോൾ മാത്രമെ നമുക്കു കർമ്മം ചെയ്വാൻ കഴികയുള്ളൂ. അല്പപ്രാണികളുടെ പതനത്തേയും സൂക്ഷിച്ചറിയുന്ന ജാഗരൂകനായ വിശ്വംഭരൻ സന്നിഹിതനായിരിക്കെ മ

നുഷ്യൻ സ്വകർമ്മത്തിന്ന് എങ്ങിനെ വല്ല പ്രാധാന്യവും കല്പിക്കും? അല്പതമങ്ങളായ വസ്തുക്കളെപ്പോലും ഈശ്വരൻ കാത്തുരക്ഷിക്കുന്നു എന്നു നാം അറിയുമ്പോൾ നമ്മുടെ കർമ്മത്തിന്നു നാം പ്രാധാന്യം കല്പിക്കുന്നതു് ഈശ്വരനിന്ദയായിരിക്കയില്ലെ? പരമേശ്വരസന്നിധിയിൽ ഭയഭക്തിബഹുമാനപുരസ്സരം നിന്ന് "ഭവദിച്ഛപോലെ നടക്കട്ടെ" എന്നു പറവാൻ മാത്രം നമുക്കവകാശമുണ്ടു്. കർമ്മം ചെയ്വാൻ ഉച്ചൈസ്തമന്മാൎക്കു് കഴിവില്ല, എന്തുകൊണ്ടെന്നാൽ അവരിൽ ആസക്തി ലേശം ഇല്ല. യാവർചിലർ പൂർണ്ണാത്മനാ പരമാത്മാവിനെ പ്രാപിക്കുന്നുവോ, യാവർ ചിലർ പരമാത്മാവിൽ മാത്രം രതിയുള്ളവർ ആയിരിക്കുന്നുവോ, യാവർ ചിലർ പരമാത്മാവിനോട്ടു് നിത്യസമ്പർക്കമുള്ളവരായ് തീർന്നിരിക്കുന്നുവോ അവൎക്കു കർമ്മം ഇല്ല. അങ്ങിനെയുള്ളവർതന്നെയാകുന്നു മനുഷ്യരിൽ വെച്ചു് ഉച്ചൈസ്തമന്മാർ; എന്നാൽ അവരെ ഒഴിച്ചു് മറ്റെല്ലാപേരും കർമ്മം ചെയ്യേണ്ടവരുമാകുന്നു. അങ്ങിനെ കർമ്മം ചെയ്യുന്നതിൽ ഈ ജഗത്തിൽ ഏററവും ചെറിയ വസ്തുവിനെയെങ്കിലും സഹായിച്ചു കയററുവാൻ നമുക്കുകഴിയും എന്നു് നാം ഒരിക്കലും വിചാരിക്കരുതു്. നമുക്കുകഴികയില്ല. ഈ ലോകക്കളരിയിൽ നാം നമ്മെമാത്രം സഹായിക്കുന്നതേയുള്ളു. ഇതാകുന്നു കർമ്മം ചെയ്യുന്നതിൽ ഉണ്ടായിരിക്കേണ്ട ശരിയായ മനോഭാവം. നാം ഈ ഭാവത്തിൽ കർമ്മംചെയ്യുന്നു എങ്കിൽ, നമ്മുടെകർമ്മം ചെയ്വാനുള്ള ഈഅവസരം ഒരനുഗ്രഹമായ് നമുക്കുതന്നിട്ടുള്ളതാകുന്നു എന്നു് നാം എപ്പോഴും ഓർമ്മവെക്കുന്നു എങ്കിൽ, നാം ഒന്നിനോടും ഒരിക്കലും ആസക്തന്മാരാകയില്ല. നിങ്ങളെപ്പോലെയും എന്നെപ്പോലെയും ഉള്ള ലക്ഷോപലക്ഷം ജനങ്ങൾ നാം വലിയവരാകുന്നു എന്നു വിചാരിക്കുന്നുണ്ടു്; എന്നാൽ നാം എല്ലാവരും മരിച്ചുപോകുന്നു, മരിച്ചു് അഞ്ചുനിമിഷത്തിനുള്ളിൽ ലോകം നമ്മെ വിസ്മരിച്ചുകഴിയുന്നു. ഈശ്വരജീവിതമാവട്ടെ അനന്തമാകുന്നു. ഈസർവ്വശക്തനായഏകൻ അതിന്നിച്ഛിക്കുന്നില്ലെങ്കിൽ ഒരുനിമിഷമെങ്കിലും ജീവിപ്പാൻ, ഒരുനിമിഷം ശ്വസിപ്പാൻആൎക്കുകഴിവുണ്ടു. സദാകർമ്മപരനായ ജഗന്നിയന്താവു് അദ്ദേഹമാകുന്നു. സർവ്വശക്തിയും അദ്ദേഹത്തിന്റേതും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തിയും ആകുന്നു. അദ്ദേഹത്തിന്റെ കല്പനയാൽ വായു വീശുന്നു, സൂർയ്യൻ പ്രകാശിക്കുന്നു, ഭൂമിവർത്തിക്കുന്നു, മൃത്യു ലോകത്തിൽ പതുങ്ങിനടക്കുന്നു. സർവ്വസാരം അദ്ദേഹം; സർവ്വവും സർവ്വാന്തർയ്യാമിയും അദ്ദേഹം. നമുക്കു് അദ്ദേഹത്തെആരാധിപ്പാൻ മാത്രം കഴിയും. സർവ്വകർമ്മഫലങ്ങളേയും ത്യജിക്കുക; ഫലേച്ഛകൂടാതെ നന്മചെയ്യുക. എന്നാൽമാത്രമെ പൂർണ്ണമായ നിസ്സംഗത്വം ഉണ്ടാകയുള്ളു. അങ്ങിനെ ഹൃദയഗ്രന്ഥികൾ ഭേദിക്കും, നാം പൂർണ്ണസ്വാതന്ത്ര്യവും അനുഭവിക്കും. ഈസ്വാതന്ത്ര്യം, മോക്ഷം, തന്നെയാകുന്നു കർമ്മയോഗത്തിന്റെ പരമലക്ഷ്യം.

(തുടരും)

# ശ്രീമത് സ്വാമിവിവേകാനന്ദജിയുടെ ജന്മദിനാഘോഷം.

## ബാംഗ്ളൂർ.

ബാംഗ്ളൂർ സിററിയിൽ ബുൾടെമ്പിൾ റോഡിനു സമീപം ശ്രീരാമകൃഷ്ണാശ്രമത്തിൽ വച്ചു് ഈ കഴിഞ്ഞ ഫെബ്രുവരി രണ്ടാംതീയതി ഞായറാഴ്ച ശ്രീമത് സ്വാമിവിവേകാനന്ദജിയുടെ ജന്മദിനോത്സവം അത്യാഘോഷസമേതം കൊണ്ടാടപ്പെട്ടു. ഗവർമ്മെൻറിൻേറയും നഗരസഭയുടേയും എലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറു്, കൺട്രാക്ടർമാർ, മിലിററി ഡിപ്പാർട്ടുമെൻറു്, മുതലായ വിവിധഡിപ്പാർട്ടുമെൻറുകൾ, പൊതുജനങ്ങൾ, ശ്രീരാമകൃഷ്ണവിദ്യാത്ഥിമന്ദിരത്തിലെ കുട്ടികൾ ആദിയായവരുടെയും ദയവായ സഹായസഹകരണങ്ങളാൽ ആശ്രമവളപ്പിനുള്ളിൽ അതിവിശാലമായ ഒരു പന്തൽ കെട്ടി രമണീയമായി അലങ്കരിച്ചിരുന്നു. ആശ്രമവളപ്പു മുഴുവൻ തോരണങ്ങൾ, മാലകൾ, കൊടികൾ, ചെടികൾ മുതലായവകൊണ്ടു് വിതാനിക്കപ്പെട്ടിരുന്നു. കാലത്തു് ഉദ്ദേശം ൧൧ (പതിനൊന്നു) മണിക്കു് വിശേഷാൽ പൂജയോടും ഭജനസംഘങ്ങളുടെ രഥങ്ങളോടും വാദ്യഘോഷങ്ങളോടും ഉള്ള വരവോടുംകൂടി ആഘോഷം ആരംഭിക്കപ്പെട്ടു. ഏകദേശം ഒരുമണി വരെ ഭജനം തുടൎന്നുകൊണ്ടിരുന്നു. ഒരുമണി മുതൽ മൂന്നുമണി വരെയുള്ള സമയത്തു് ഉദ്ദേശം ആയിരത്തി അഞ്ഞൂറു സാധുനാരായണന്മാൎക്കു് ഭക്ഷണം കൊടുക്കപ്പെട്ടു. അപ്പോഴേക്കും സ്ത്രീകളും പുരുഷന്മാരുമായി നാലായിരത്തോളം ആളുകൾ അതിവിശാലമായ പന്തലിൽ തിങ്ങിക്കൂടിയിരുന്നു. മൂന്നുമണിമുതൽ ആറുമണിവരെ മിസ്റ്റർ വെങ്കണ്ണദാസിനാൽ നടത്തപ്പെട്ട ഹൃദ്യമായ ഹരികഥാകാലക്ഷേപത്തെ സദസ്യർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഏകദേശം ആറുമണിയായപ്പോൾ മൈസൂർ ദിവാൻ അമിൻ-അൽ-മൽക്ക സർ മിർസാ മഹമ്മദ് ഇസ്മെയ്ൽ കെ. ററി-ബി. ഏ; ഒ. ബി. ഇ, സി. ഐ. ഈ; ഭവനഗർരാജ്യത്തെ ദിവാനായ പ്രഭാഷങ്കർ പട്ടാണിയോടുകൂടി വന്നുചേൎന്നു. അവരെ ആശ്രമാദ്ധ്യക്ഷനായ ശ്രീമത് സ്വാമി നിൎമ്മലാനന്ദജി, ദിവാൻ ബഹദൂർ രാജസഭാഭൂഷണൻ സർ കെ. പി. പുട്ടണ്ണചെട്ടി ബി. ഏ; കൊററി; സി. ഐ. ഈ; റാവുസാഹേബു് എച്ചു്. ചെന്നയ്യാ മുതലായി അനവധിയാളുകൾ കൂടി സ്വീകരിച്ചു. അതിനുശേഷം സർ കെ. പി. പുട്ടണ്ണചെട്ടിയുടെ അദ്ധ്യക്ഷതയിൽ ഒരു മീററിംഗു നടത്തുകയും അനേകം പേർ വിവേകാനന്ദസ്വാമികളെ കുറിച്ചു പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ആദ്യമായി ഒരു വിദ്യാൎത്ഥിയുടെ പ്രാൎത്ഥനാ

ഗാനത്തിനുശേഷം ശ്രീമത് സ്വാമി നിർമ്മലാനന്ദജി താഴെ കാണുംപ്രകാരം ഒരു ചെറിയ പ്രസംഗത്തോടുകൂടി ദിവാൻസാഹേബിന് സ്വാഗതം നല്കി.

മൈസൂർ ദിവാൻ അമിൻ-അൽ-മൽക്, സർ, മിർസാ, മഹമ്മദ് ഇസ്മെയിൽ കെററി; ബി. എ; ഒ. ബി, സി. ഐ. ഈ, അവർകൾക്ക്,

ദിവാൻസാഹിബേ!

പൂജ്യപാദരായ ശ്രീ സ്വാമിവിവേകാനന്ദജിയുടെ അറുപത്തെട്ടാമത്തു ജന്മദിനോത്സവമായ ഈ സമ്മേളനത്തിലേക്ക് ഈ ആശ്രമത്തിൻെറ അദ്ധ്യക്ഷനെന്നുള്ള നിലയിൽ അങ്ങേക്കു ഞാനത്യാഹ്ളാദപുരസ്സരം സ്വാഗതം നല്കിക്കൊള്ളുന്നു. മററനേകം ജോലിത്തിരക്കുകളുടെ ഞെരുക്കിനിടയിൽ ഈ രാത്രിയിലുള്ള സമ്മേളനത്തിൻെറ ഉൽഘാടനത്തിന് ദയവായി കയ്യേററതിന് അങ്ങേക്ക് ഞാൻ വളരെ വളരെ വന്ദനം പറഞ്ഞുകൊള്ളുന്നു. ഇവിടെയുള്ള അങ്ങേ സാന്നിദ്ധ്യം ഞങ്ങളുടെ സ്ഥാപനത്തോട്—ജാതിമതവർണ്ണഭേദങ്ങൾ എന്തെന്നറിഞ്ഞുകൂടാത്ത; സർവ്വധർമ്മസമന്വയത്തെ പ്രഖ്യാപനം ചെയ്യുന്ന ഈ സ്ഥാപനത്തോട്—അങ്ങേക്കുള്ള അനുഭാവത്തെ സൂചിപ്പിക്കുന്നുണ്ട്. ഈശ്വരൻെറ പിതൃത്വവും മനുഷ്യരുടെ സഹോദരത്വവുമായ അന്തർല്ലീനമായ തത്വത്തെ തെളിയിക്കുന്നതായ അങ്ങേ വിസ്താരവും വിശാലവുമായ ദൃഷ്ടിയും സമദൃഷ്ടിയുള്ള സ്വഭാവവും ആദർശങ്ങളുടെ സർവ്വസമന്വയത്വവും കഴിഞ്ഞിടത്തോളം വർഷങ്ങൾ കൊണ്ട് ഞങ്ങൾക്കു വിലമതിക്കാറായിട്ടുണ്ട്.

നമ്മുടെ രാജർഷിയായ മഹാരാജാവും മഹാമഹിമശ്രീ യുവരാജാവും ഞങ്ങളുടെ സ്ഥാപനത്തിൻെറനേരേ കാണിച്ചിട്ടുള്ളമഹത്തായ അനുഭാവവും സഹായസഹകരണങ്ങളും വിസ്മരിക്കുന്നതിന് ഞങ്ങൾക്ക് സാധിക്കുകയില്ല.

നാം ഇന്നു കൂടിയിരിക്കുന്ന സ്ഥലം ഔദാര്യവും അഭിവൃദ്ധിയും നിറഞ്ഞിരിക്കുന്ന ഗവണ്മെൻറ് അന്ന് ദിവാനായിരുന്ന മിസ്റ്റർ വി. പി. മാധവറാവു ബി. എ. സി. ഐ. ഈ. ഭരിച്ചിരുന്ന കാലത്തു ഞങ്ങൾക്കായി ദാനം തന്നിട്ടുള്ളതാണ്.

൧൮൯൩-ാമാണ്ടു ചിക്കാഗോമതമഹാസമ്മേളനസന്ദർഭത്തിലും അതിന് മേലും പാശ്ചാത്യദേശങ്ങളിലേക്ക് പൌരസ്ത്യജ്ഞാനദീപത്തെകൊണ്ടുപോകുന്നതിനായി വിവേകാനന്ദസ്വാമികൾക്കു നാടുനീങ്ങിയ മഹാരാജാ സർ ചാമരാജേന്ദ്രവഡയാർചെയ്തുകൊടുത്തിട്ടുള്ള അതിമഹത്തായ സഹായങ്ങൾ ഞങ്ങൾ കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നുണ്ട്. അപ്പോഴപ്പോൾ അവരിൽ നിന്നും ഞങ്ങൾക്കു കിട്ടിയിട്ടുള്ള എല്ലാ പ്രോത്സാഹനങ്ങൾക്കും സഹായങ്ങൾ

ക്തമായി മൈസൂർരാജകുടുംബത്തോടുള്ള ഞങ്ങളുടെ ഹൃദയംഗമമായ നന്ദിയെ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ശ്രീഗുരുമഹാരാജന്റെ അനുഗ്രഹങ്ങൾ രാജകുഡുംബത്തിന്മേലും മൈസൂർരാജ്യവാസികളിലും ഉണ്ടായിരിക്കട്ടെ എന്നും ആ ലോകരക്ഷകൻ അങ്ങേയ്ക്കു് രാജസേവനവും രാജ്യസേവനവുമായ മഹൽകൃത്യങ്ങളെ നിറവേററുന്നതിനായി ആയുരാരോഗ്യശക്തികളെ പ്രദാനം ചെയ്യട്ടേ എന്നുംഞങ്ങൾ പ്രാൎത്ഥിച്ചുകൊള്ളുന്നു.

സർ, ദയവായി ഈ നടപടികളെ ഉൽഘാടനം ചെയ്യാൻ ഞാൻ അങ്ങയോടു അപേക്ഷിക്കുന്നു."

ഇതിനുശേഷം ദിവാൻ സാഹേബ് സാരസമ്പൂൎണ്ണമായ ഒരു പ്രസംഗത്തോടുകൂടി സഭാനടപടികളുടെ ഉൽഘാടനകൎമ്മം നിറവേററി

ദിവാന്റെ പ്രസംഗം.

സ്വാമിജിമാരെ, മഹതികളെ, മഹാന്മാരെ!—തന്റെ മാതൃകാജീവിതവും മഹദുപദേശങ്ങളും കൊണ്ടു് സ്വമാതൃഭൂമിക്കു വിശേഷതയെ വരുത്തുകയും വിദേശിയരുടെ വിലമതിപ്പിൽ ഉയൎത്തപ്പെടുകയും ചെയ്ത ഇൻഡ്യയുടെ ഒരു മഹൽ സന്താനത്തിന്റെ മഹിമയെ മഹനീയമാക്കുന്നതിനായി നാം ഇന്നു് ഇവിടെ കൂടിയിട്ടുണ്ടു്.

ഈ സായംകാലത്തുള്ള സമ്മേളനത്തിൽ ഹാജരാകുന്നതിനായി ഈ ആശ്രമത്തിന്റെ പരമയോഗ്യനായ അധിപതിയാൽ അയയ്ക്കപ്പെട്ട ക്ഷണക്കത്തുമൂലം ഞാൻ അത്യന്തം ബഹുമാനിതനായതായി എനിക്കു തോന്നി. ഒരു മഹാത്മാവിനോടുള്ള എന്റെ വിനീതമായ കടമയെ നിറവേററുന്നതിനായി ഇദ്ദേഹത്താൽ നൽകപ്പെട്ട സന്ദർഭത്തിൽ ഞാൻ അത്യന്തം ആനന്ദിക്കുന്നു.

വിവേകാനന്ദസ്വാമികളെക്കുറിച്ചു വിചാരിക്കുന്നതിനുംഒരുവന്റെ വിചാരങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലും പ്രവൎത്തിയിലുംഅദ്ദേഹം പ്രതിപാദിച്ചിട്ടുള്ള സകലതിലും സ്ഥിതി ചെയ്യുന്നതിനുമുള്ള നന്മയേ ഈ സന്ദർഭം നൽകുന്നുണ്ടു്. ചില ആളുകളാൽ നാം അസ്വസ്ഥരായി തീരുന്നതുപോലെ തന്നെ, ഒരു സത്യസന്ധനാൽ നാം നമുക്കു തന്നേ സത്യമുള്ളവരായും, ഒരുദാരശീലനാൽ ഉദാരമനസ്കരായും കാണപ്പെടുന്നു. ജീവിതത്തിന്റെ കഷ്ടപ്പാടുകളിലുംഅനാകർഷണത്തിലും നിർബാധരായി ചരിക്കുന്ന നിസ്സ്വാൎത്ഥരായ ദേവന്മാരെപ്പററി നാം വിചാരിക്കുമ്പോൾ ലോകം സ്വാൎത്ഥം അന്വേഷിക്കുകയും ആശാഭംഗപ്പെടുകയും ചെയ്യുന്നതു കുറവായി കാണപ്പെടുന്നു. ഇവരാണു് ഏററവും ഉത്തമന്മാരും മഹനീയരുമായ നമ്മുടെ സ്നേഹിതന്മാർ. അവർ വിദൂരകാലത്തിൽ ജീവിച്ചിരുന്നിരിക്കാം. നാം അവരെ മുഖാഭിമുഖം ഒരി

ക്കലും ദർശിച്ചിട്ടില്ലായിരിക്കാം—എന്നാൽ അവരുടെ ജ്യോതിസ്സ് അതിദൂരത്തിൽ നിന്നും പ്രകാശിക്കുകയും നാം തരണം ചെയ്യേണ്ട മാർഗ്ഗത്തെ നിരപ്പുള്ളതും പ്രകാശമേറിയതുമാക്കിത്തീൎക്കുകയും ചെയ്യുന്നു.

വിവേകാനന്ദസ്വാമികൾ ഒരു യഥാൎത്ഥആദ്ധ്യാത്മികപുരുഷൻ ആയിരുന്നു. അദ്ദേഹത്തിന്റെ സ്വന്ത മതം മററെല്ലാ മതങ്ങളേയും ആലിംഗനം ചെയ്തിരുന്നതുകൊണ്ടു് അദ്ദേഹം അവയെ എല്ലാം ബഹുമാനിച്ചിരുന്നു. മതങ്ങൾ തമ്മിലോ അവയുടെ അനുയായികൾ തമ്മിലോ യാതൊരു വിധമായ അതിരുകളും അദ്ദേഹം സ്വീകരിച്ചിരുന്നില്ല. ഇൻഡ്യയിലും അതിനു വെളിയിലും വിശേഷിച്ചു് അമേരിക്കായിലുമുള്ള ആദ്ധ്യാത്മികചിന്തയിൽ ഗണനീയമായ സ്വാധീനശക്തി അദ്ദേഹം പ്രയോഗിച്ചു. രാമകൃഷ്ണമിഷൻ സ്ഥാപിച്ചതുകൊണ്ടു് അദ്ദേഹം സ്വരാജ്യത്തിനു് സ്ഥായിയായ സേവ ചെയ്തിട്ടുണ്ടു് അദ്ദേഹത്തിന്റെ സ്വാധീനശക്തിയെ ഇൻഡ്യയിലും അമേരിക്കയിലും എന്നെന്നേക്കുമായി നിലനിൎത്തുന്നതിനു് രാമകൃഷ്ണമിഷനാണ്‌ മാൎഗ്ഗമായി തീൎന്നതു്. രാഷ്ട്രീയമായും ധനസംബന്ധമായുമുള്ള പരിഗണനയാൽ വന്നുചേൎന്നിട്ടുള്ള സാമുദായികവും മതസംബന്ധവുമായ മത്സരത്താൽ പരിപൂൎണ്ണമായ ഈ കാലത്തു് ജാതിമതഭേദമെന്യേ മനുഷ്യസമുദായവേല ചെയ്യുക എന്ന മുദ്രാവാക്യത്തോടു കൂടിയുള്ള രാമകൃഷ്ണമിഷനേപ്പോലെയുള്ള ഒരു സഹോദരത്വത്തിന്റെ നിലനില്പു തീൎച്ചയായും ഒരു വലിയ അനുഗ്രഹം തന്നെ. എന്റെ ഇടവിടാതെയുള്ള പ്രാൎത്ഥനയും—ഓരോ സ്വരാജ്യസ്നേഹിയായഭാരതീയന്റേയും പ്രാൎത്ഥനയെന്നു ഞാൻ വിശ്വസിക്കുന്നതും—ഈ സ്ഥാപനം എന്നെന്നേക്കുമായി നിലനിൽക്കുകയും ഇതിന്റെ സ്വാധീനശക്തി എന്നും അഭിവൃദ്ധിയെ പ്രാപിക്കുകയും ചെയ്യട്ടെ എന്നുള്ളതാണ്‌.

നിർബാധപ്രേമപ്രവാഹത്തിനാലിവർ
നിർവ്യാജം സേവ ചെയ്യുന്നു പാരിൽ.

നമുക്കു മാത്രമേ മുക്തിക്കർഹതയുള്ളു എന്നും ഈശ്വരലോകത്തിൽ പ്രവേശിക്കുവാനവകാശമുള്ളു എന്നും ഇതരമതാവലംബികൾ തല്ക്കാലമായോ എന്നെന്നേയ്ക്കുമായോ അശേഷം നശിച്ചുപോകുമെന്നുള്ള വിചാരം മനുഷ്യഹൃദയങ്ങളിൽ ശില്പലിഖിതങ്ങളെന്നപോലെ ഉറച്ചിരിക്കുന്നതായി തോന്നുന്നു. അപ്രകാരമുള്ള വിശ്വാസങ്ങളൊന്നും വച്ചുകൊണ്ടിരിക്കാത്തവനും സകല മനുഷ്യരേയും സഹോദരങ്ങളായി ഗണിക്കുന്നവനും നാം എല്ലാവരും ഒരേ ജഗൽ പിതാവിന്റെ ,വ്യക്തിപരമായ കൎമ്മാനുസരണം അദ്ദേഹത്തിന്റെ കാരുണ്യാർഹരായ, സന്താനങ്ങളാണെന്നു വിശ്വസിക്കുന്നവനുമാണ്‌ യഥാൎത്ഥജ്ഞാനി, സാംഹൃദയംഗമമായി പ്രാൎത്ഥി

കുന്നിടത്തോളം കാലം—നാം കൃസ്ത്യൻ പള്ളിയിലോ, യഹൂദപ്പള്ളിയിലോ, മഹമ്മദൻപള്ളിയിലോ, ഹിന്ദുദേവാലയത്തിലോ എവിടെ എങ്ങിനേ പ്രാൎത്ഥിക്കുന്നു എന്നുള്ളതൊന്നും സൎവ്വശക്തനും സൎവ്വജ്ഞനുമായ ഈശ്വരന്ന് യാതൊരുവ്യത്യാസവും ഉണ്ടാകുന്നതല്ല. വിവേകാനന്ദസ്വാമികളുടെ വേദാന്തതത്വകേന്ദ്രം ഇതാണെന്ന്—ലോകത്തോടുള്ള അദ്ദേഹത്തിന്റെ സന്ദേശം ഇതാണെന്നാണ് ഞാൻവിശ്വസിക്കുന്നത്. എല്ലാ മനുഷ്യരേയും ഒരുമിച്ചു ചേൎത്ത് അവരുടെ മഹത്തായ ആഗ്രഹങ്ങളിൽ ഐക്യതയുണ്ടാക്കുന്നതുകൊണ്ടുഇതിലധികംമാഹാത്മ്യമുള്ള ഒരു മനോവികാരത്തെ വിചാരിക്കുന്നതിനുകൂടി എനിക്കു ശക്തിയില്ല. ഇതുഎന്നെന്നേയ്ക്കും നിലനില്ക്കേണ്ട നന്മയുടേയും ഗുണങ്ങളുടേയും സത്യത്തിന്റേയും യഥാൎത്ഥതത്വങ്ങളാണ്. അവ സ്വയംപ്രദൎശനംചെയ്യുന്നരൂപങ്ങൾ കാലത്തിനും സാമുദായികനിലയ്ക്കും അനുസരിച്ച് അവശ്യം വിവിധങ്ങളായി തന്നേയിരിക്കും.

മാന്യരേ! ഞാനിനിയും നിങ്ങളുടെ സമയം അല്പംപോലും ഉപയോഗിക്കാതിരിക്കട്ടെ. ഈ സായം കാലത്ത് എന്നെ ഏററവും ഉചിതമായും ദയവോടുകൂടിയും സ്വീകരിച്ചതിനും നിങ്ങളുടെ ആശ്രമത്തെ സന്ദൎശിച്ചതിൽനിന്നും എനിക്കു ലഭിച്ച അത്യാനന്ദത്തിനുമായി സ്വാമിനിൎമ്മലാനന്ദജിയോടും സഹകാരികളോടും ഉള്ള എന്റെ ഹൃദയംഗമമായ വന്ദനങ്ങൾ പ്രസ്താവിക്കുവാൻ മാത്രമെ എനിയും എനിക്കുള്ളു. നിങ്ങളുടെ മനുഷ്യസോദരസേവാശ്രമത്തിന്റെ വിജയത്തിനായി എന്റെ ഹൃദയംഗമമായ മംഗളാശംസകൾ നിങ്ങൾക്ക് എപ്പോഴും ഉണ്ടായിരിക്കും. നിങ്ങളുടെ മനസ്സാക്ഷിയുടെ സംതൃപ്തിയല്ലാതെ നിങ്ങൾ യാതൊരു പ്രതിഫലത്തേയും ഇഛിക്കുന്നില്ല. നിങ്ങൾക്കു നിങ്ങളുടെ ചുററുപാടുമുള്ള സകലരുടേയും എന്നും വൎദ്ധമാനമായ സഹായസഹകരണങ്ങളും വിലമതിപ്പുകളുംകൂടി ഉണ്ടാകട്ടെ!”

ഗവമ്മേന്റു പരിഭാഷകൻ മിസ്ററർ സി. കെ. വെങ്കിട്ടരാമയ്യാ എം. ഏ, എൽ. എൽ, ബി ദിവാന്റെ പ്രസംഗത്തിന്റെ കൎണ്ണാടക തൎജ്ജിമ അടുത്തതായി വായിച്ചു. അനന്തരം സ്വാമി വിവേകാനന്ദജിയുടെ ശോഭിതമായ ജീവിതത്തേയും ഈശ്വരനെ അന്വേഷിച്ചുള്ള അദ്ദേഹത്തിന്റെ യാത്രയേയും ദക്ഷിണേശ്വരത്തെ സന്യാസിയുമായുള്ള കൂടിക്കാഴ്ചയേയും അനന്തരമുള്ള അനുഭവങ്ങളേയും അദ്ദേഹത്തിന്റെ തീൎത്ഥയാത്രകളേയും അപ്പോൾ രാജ്യം ഭരിച്ചുകൊണ്ടിരുന്ന മൈസൂർ മഹാരാജാ സർ ചാമരാജേന്ദ്ര വൊഡയാർ ബഹദൂരിനെ കണ്ടുമുട്ടിയതിനേയും അതിനു ശേഷം അമേരിക്കയിലേക്കു പോയതിനേയും അവിടെയുണ്ടായ 'വിജയത്തേയും മടങ്ങിവന്ന് ഏതാനും ചെറുപ്പക്കാരായ സന്യാസിമാരോടുകൂടി രാമകൃഷ്ണസംഘത്തെ സ്ഥാപിച്ചതിനേയും അദ്ദേഹത്തി

ന് ഇൻഡ്യയോടുള്ള സന്ദേശത്തേയും അധഃകൃതോദ്ധാരണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അതിതീവ്രമായ ആഗ്രഹത്തേയും അദ്ദേഹത്തിൻെറ ചുരുങ്ങിയതെങ്കിലും വിജയപരിപൂർണ്ണമായ ജീവിതത്തിലുണ്ടായ സകല വിവരങ്ങളേയും അതിനു ശേഷം ൨൦ വർഷങ്ങൾക്കു മുമ്പ് ബാംഗ്ലൂർ രാമകൃഷ്ണമഠം സ്ഥാപിക്കപ്പെട്ടതിനേയും അതിൽ പിന്നീട് ഇന്നു വരെയുള്ള അതിൻെറ വളർച്ചയേയും സവിസ്തരം പ്രതിപാദിക്കുന്ന ഒരു അദ്ധ്യക്ഷപ്രസംഗം സർ, കെ. പി പുട്ടണ്ണചെട്ടിയവർകളാൽ നടത്തപ്പെട്ടു. അടുത്തതായി സ്വാമിജിയേക്കുറിച്ചു ഇംഗ്ലീഷ് പ്രസംഗം നടത്തുന്നതിനു് ഏററിരുന്ന മദ്രാസ് കോർപ്പറേഷൻ പ്രസിഡൻറ് മിസ്ററർ ഏ. രാമസ്വാമിമുതലിയാർ സുഖക്കേടുനിമിത്തം ഹാജരാകുവാൻ നിവൃത്തിയില്ലാതെവന്നുപോയി എന്നുള്ള വ്യസനവാർത്തയെ അറിയിച്ചിട്ട് മൈസൂർ ഗവണ്മെൻറ് പരസ്പരസഹായസംഘം രജിസ്ട്രാർ മി: കെ. എച്ച്. രാമയ്യാ ബി. എ, ബാർ-അററ്-ലാ വിവേകാനന്ദസ്വാമികളുടെ ജീവിതവും ഉപദേശങ്ങളും എന്ന വിഷയത്തേക്കുറിച്ച് സരസസാരസമ്പൂർണ്ണമായ ഒരു പ്രസംഗം കർണ്ണാടകഭാഷയിൽ നടത്തുകയുണ്ടായി. റാവുസാഹേബ് എച്ച്. ചെന്നയ്യാ ദിവാൻ, അദ്ധ്യക്ഷൻ പ്രാസംഗികന്മാർ, സഭാംഗങ്ങൾ തുടങ്ങി സകലർക്കും ആശ്രമത്തിൻെറ നാമത്തിൽ കൃതജ്ഞതാപ്രകടനം നടത്തിയതിൻെറ ശേഷം മംഗളാരതിയും പ്രസാദവിതരണവും കഴിഞ്ഞു് ഏകദേശം എട്ടരമണിയോടുകൂടി ഉത്സവം മംഗളമായി പര്യവസാനിച്ചു. ഈ ആശ്രമം സ്ഥാപിച്ചു കഴിഞ്ഞിട്ട് ഇപ്പോൾ ഇരുപതു വർഷത്തിൽ കൂടുതലായി എങ്കിലും ഈ പ്രാവശ്യത്തെ ജനക്കൂട്ടം ഇതുവരെ ഉണ്ടായിട്ടുള്ളതിലെല്ലാം കൂടുതലാണെന്നും ഈ ഉത്സവം കഴിഞ്ഞതിനേക്കാൾ എല്ലാം വിജയകരമായി പര്യവസാനിച്ചതു് ജനങ്ങളുടെ ഇടയിൽ ഈ സ്ഥാപനത്തോടുള്ള സ്നേഹബഹുമാനങ്ങൾ വർദ്ധിച്ചുവരുന്നതിനെ സൂചിപ്പിക്കുന്നുണ്ടെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടതു തന്നെ.


# The Vedanta Kesari

A High Class Religious and philosophical Monthly
*devoted to the Sanatanadharma*
Annual Subscription Rs 3.
The year commences from May.
Apply to:---THE MANAGER, Vedanta Kesari,
Sri Ramakrishna Math, Mylapore, Madras.

# ബ്രഹ്മാനന്ദീയം

ഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസദേവന്റെ മാനസപുത്രനും ശ്രീവിവേകാനന്ദസ്വാമികളാൽ "അദ്ധ്യാത്മജ്ഞാനമഹീധരം" എന്നു വിളിക്കപ്പെട്ടിട്ടുള്ള ജീവന്മുക്തനും ആയ ശ്രീമൽ ബ്രഹ്മാനന്ദസ്വാമികളുടെ ജീവിതചരിത്രവും, അദ്ദേഹം ശിഷ്യന്മാൎക്കു കൊടുത്ത ആദ്ധ്യാത്മികോപദേശങ്ങളും അടങ്ങിയ ഒരു വിശിഷ്ടഗ്രന്ഥം. മുമുക്ഷുക്കൾക്കു വേദാന്തഗ്രന്ഥങ്ങളിൽ സാമാന്യേന ദുർല്ലഭങ്ങളായ ദിവ്യോപദേശങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഈശ്വരദർശനത്തിനുള്ള വഴി—നിത്യാനന്ദമാർഗ്ഗം - ഇത്ര ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥം മലയാളഭാഷയിൽ വേറെയില്ലെന്ന് ആരും സമ്മതിക്കും. മുന്നൂറു പേജുള്ള പുസ്തകത്തിന് വില രൂപാ ൧

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ആഗമാനന്ദസ്വാമികൾ, ശ്രീരാമകൃഷ്ണാശ്രമം C/o

മാനേജർ,

"കമലാലയ" പ്രസ്സ്,

ഒററപ്പാലം—തെക്കേമലബാർ.

# ഭക്തിമാർഗ്ഗഗ്രന്ഥങ്ങൾ.

| | ക. | ണ. | പ. |
|---|---|---|---|
| ശ്രീരാമകൃഷ്ണപരമഹംസൻ (ജീവചരിത്രവും വചനങ്ങളും) | 1 | 2 | 0 |
| ശ്രീകൃഷ്ണകർണ്ണാമൃതം വ്യാഖ്യാനം. | 0 | 12 | 0 |
| ഭജനസ്തോത്രമഞ്ജരി ,, | 0 | 8 | 0 |
| സൌന്ദര്യലഹരി ,, | 0 | 8 | 0 |
| ശിവാനന്ദലഹരി ,, | 0 | 8 | 0 |
| നീതിശാസ്ത്രരത്നങ്ങൾ ,, | 0 | 8 | 0 |
| ശ്രീരാമകർണ്ണാമൃതം | 0 | 7 | 0 |
| ശ്രീകൃഷ്ണലീലകൾ | 1 | 0 | 0 |
| ശ്രീകൃഷ്ണദൂത് | 0 | 10 | 0 |
| ശ്രീശങ്കരാചാര്യസ്വാമികൾ | 1 | 4 | 0 |

മാനേജർ

സരസ്വതിവിലാസം പുസ്തകശാല,

തൃശ്ശിവപേരൂർ.